**പന്ത്രണ്ടാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ജൂൺ 20, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**അടിയന്തിരപ്രമേയം**

നിയമസഭാ മാർച്ച് നടത്തിയ യൂത്ത്കോൺഗ്രസ്സ് പ്രവർത്തകർക്ക് നേരെയുണ്ടായ ലാത്തിച്ചാർജ്ജ്.

മി. സ്പീക്കർ: 19–6–2006–ന് നടന്ന യൂത്ത് കോൺഗ്രസ് നിയമസഭാ മാർച്ചിനോടനുബന്ധിച്ചുണ്ടായ പോലീസ് ലാത്തിച്ചാർജ്ജിൽ ഏതാനും യൂത്ത് കോൺഗ്രസ് പ്രവർത്തകർ പരിക്കേറ്റ് ആശുപത്രിയിലായതിനെത്തുടർന്ന് ഉളവായിട്ടുള്ളതായ ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ.സി. വേണുഗോപാൽ, കെ.കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം.

പുതുശ്ശേരി, കെ.കെ. ഷാജു, കെ. ബി. ഗണേഷ്കുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മരാമത്ത് വകുപ്പുമന്ത്രി രാജി വയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇന്നലെ നിയമസഭാ മന്ദിരത്തിലേയ്ക്ക് യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ മാർച്ച് നടത്തി. യൂത്ത് കാൺഗ്രസ് (ഐ) സംസ്ഥാന പ്രസിഡന്റ് ഉൾപ്പെടെയുള്ള നേതാക്കളുടെ നേതൃത്വത്തിൽ പ്രകടനമായി വന്ന നാനൂറിലധികം വരുന്ന പ്രവർത്തകരെ നിയമസഭാ മന്ദിരത്തിന് സമീപമുള്ള വാർ മെമ്മോറിയലിന് സമീപം വച്ച് പോലീസ് തടഞ്ഞു. അവിടെ കുത്തിയിരുന്ന പ്രവർത്തകരെ കെ.പി.സി.സി. പ്രസിഡന്റുൾപ്പെടെയുള്ള നേതാക്കൾ അഭിസംബോധന ചെയ്ത് പ്രസംഗിച്ച് മടങ്ങിപ്പോയതിനെത്തുടർന്ന് ജാഥാംഗങ്ങൾ പോലീസ് നിരത്തിവച്ചിരുന്ന ബാരിക്കേഡ് തകർത്ത് മുന്നേറാൻ ശ്രമിക്കുകയും പോലീസിന് നേരെ കല്ലേറ് നടത്തുകയും ചെയ്തു. കല്ലേറിൽ എ.ആർ.ക്യാമ്പിലെ ജോസ്, ശിവദാസൻ, ഷിബു എന്നീ പോലീസുകാർക്ക് പരിക്കുപറ്റി. പ്രകടനം അക്രമാസക്തമാകുന്നത് തടയാൻ മതിയായ മുന്നറിയിപ്പ് നൽകിയിട്ടും കൂടുതൽ അക്രമപ്രവർത്തനങ്ങൾ നടത്തിയതിനാൽ സ്ഥലത്തുണ്ടായിരുന്ന എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന്റെ ഉത്തരവുപ്രകാരം കന്റോൺമെന്റ് പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നിർദ്ദേശപ്രകാരം പ്രകടനക്കാർക്കു നേരെ ജലപീരങ്കി പ്രയോഗിച്ചിട്ടും പിരിഞ്ഞുപോകാതെ പ്രകോപനപരമായും അക്രമാസക്തമായും നിലകൊണ്ട പ്രവർത്തകരുടെ നേരെ പോലീസ് ലാത്തി വീശി വിരട്ടിയോടിക്കുകയും ടിയർ ഗ്യാസ് ഷെല്ലുകൾ പൊട്ടിക്കുകയും

ചെയ്തു. ഈ സംഭവത്തിൽ പോലീസ് മർദ്ദിച്ചുവെന്നാരോപിച്ച് മുപ്പതോളം പേർ ആശുപത്രിയിൽ ചികിൽസയിലായതായി വിവരം ലഭിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുകയാണ്.

ശ്രീ. കെ.സി. വേണുഗോപാൽ: ബഹുമാനപ്പെട്ട മന്ത്രി പോലീസുകാർ എഴുതിക്കൊടുത്തത് അതേപടി വായിക്കുകയായിരുന്നു മുൻകൂട്ടി പ്രഖ്യാപിച്ച ഒരു സമരമായിരുന്നു ഇന്നലെ നടന്നത്. മൈത്രി ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് അഴിമതിക്കാരനെന്ന് ആരോപിക്കുന്ന മന്ത്രി ശ്രീ.പി.ജെ.ജോസഫ് രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകർ നിയമസഭയിലേയ്ക്ക് നടത്തിയ മാർച്ചായിരുന്നു. സമരക്കാരെ തടഞ്ഞപ്പോൾ മുഖ്യമന്ത്രിയെക്കണ്ട് കാര്യം പറയാനായി യൂത്ത് കോൺഗ്രസ് പ്രസിഡന്റ് വന്നപ്പോഴാണ് പോലീസ് തടയുകയും ഭീകരമായ ആക്രമണം അഴിച്ചുവിടുകയും ചെയ്തത്. സ്ത്രീപീഡനത്തിന്റെ പേരിൽ പ്രസംഗം നടത്തി അധികാരത്തിൽ വന്നവർ യൂത്ത് കോൺഗ്രസ് അഖിലേന്ത്യാ സെക്രട്ടറിയായ ഒരു പെൺകുട്ടിയെ പോലീസ് ലാത്തികൊണ്ട് അടിക്കുകയും ചവിട്ടുകയുമാണ് ചെയ്തത്. ഇതാണ് എൽ.ഡി.എഫ്-ന്റെ പോലീസ് നയം. സമരനേതാക്കളെ അടിച്ചൊതുക്കി ശ്രീ. പി.ജെ. ജോസഫിനെ സംരക്ഷിക്കാൻ നോക്കേണ്ട. പോലീസും ജലപീരങ്കിയും തോക്കും കൊണ്ട് എത്ര തടഞ്ഞാലും അഴിമതിക്കാരനായ ശ്രീ.പി.ജെ. ജോസഫ് രാജിവയ്ക്കുന്നതു വരെ യൂത്ത്കോൺഗ്രസ്സിന്റെ പോരാട്ടം തുടരും. തല്ലുകൊണ്ട യൂത്ത് കോൺഗ്രസ് നേതാക്കളെ ആശുപത്രിയിൽ കൊണ്ടുപോകാൻപോലും ആദ്യം പോലീസുകാർ തയ്യാറായില്ല. അവകാശ സമരങ്ങളെ ചോരയിൽ മുക്കിക്കൊന്ന് അഴിമതിക്കാരനായ ശ്രീ.പി.ജെ.ജോസഫിനെ സംരക്ഷി

ക്കാമെന്ന് കരുതേണ്ട. അധികാരത്തിൽ വന്ന് ഒരു മാസക്കാലംകൊണ്ട് ജനകീയ സമരങ്ങളേയും വിദ്യാർത്ഥികളേയും ചെറുപ്പക്കാരേയും ഭീകരമായി വേട്ടയാടാൻ പോലീസിനെ കയറൂരി വിടുകയാണ് ചെയ്യുന്നതെങ്കിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകും. വൻകിട കുറ്റക്കാരോട് സ്വീകരിക്കുന്ന രീതിയിലുള്ള സമീപനം സമരമുഖത്ത് നിൽക്കുന്ന സമരക്കാരോട് സ്വീകരിക്കുന്നത് മാറ്റണം. അതിക്രൂരമായ ഈ മർദ്ദനത്തെ അപലപിക്കുകയും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും വേണം. പ്രവർത്തകരെ ആശുപത്രിയിൽ കൊണ്ടു പോകാത്ത സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കുകയും ആശുപത്രിയിൽ കിടക്കുന്ന പരിക്കേറ്റവരെ സന്ദർശിക്കുകയും വേണം. ഇത് സംബന്ധിച്ച് അന്വേഷണം നടത്താൻ ഗവണ്മെന്റ് തയ്യാറാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): ബഹുമാന്യനായ കെ.സി. വേണുഗോപാൽ പറഞ്ഞ കാര്യങ്ങളൊന്നുംതന്നെ വാസ്തവത്തിന് നിരക്കുന്നതല്ല. ബഹുമാന്യനായ മുഖ്യമന്ത്രിയെ കാണാനായി യൂത്ത് കോൺഗ്രസ് പ്രസിഡന്റ് ഇങ്ങോട്ട് വരാൻ ശ്രമിച്ചപ്പോൾ അപ്പോൾ വഴിയിൽ വച്ചു തടഞ്ഞുവെന്നാണ് പറഞ്ഞത്. മുഖ്യമന്ത്രിയെ കാണാൻ ഒരു മാർച്ചിന്റെ ആവശ്യമില്ല. ഏതുസമയത്തും അദ്ദേഹത്തെ കാണാം. ഒരു പ്രകോപനവുമില്ലാതെയാണ് ഇന്നലത്തെ സംഭവങ്ങൾ നടന്നതെന്നു പറഞ്ഞത് ശരിയല്ല. ഇന്നലെ തിരുവനന്തപുരത്തു നടന്ന സംഭവങ്ങളെല്ലാം ആസൂത്രിതമായിരുന്നു. സമരം ഉദ്ഘാടനം ചെയ്തത് കെ.പി. സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തലയായിരുന്നു. അതുകഴിഞ്ഞ് കൂട്ടംകൂടി നിന്ന് മുദ്രാവാക്യം മുഴക്കിയ പ്രവർത്തകർ പോലീസ് ബാരിക്കേഡ് തകർക്കുകയും പോലീസിനെ പിന്നിൽ നിന്നും കല്ലേറും സോഡാ

ക്കുപ്പിയേറും നടത്തുകയും ചെയ്തപ്പോൾ പോലീസ് ജലപീരങ്കിയും കണ്ണീർ വാതകഷെല്ലുകളും പ്രയോഗിച്ചു. അവരെ പോലീസ് തടഞ്ഞുനിർത്തിയി ല്ലായിരുന്നുവെങ്കിൽ ഒരു സംഘം നിയമസഭയിലേയ്ക്ക് പ്രവേശിക്കുമായി രുന്നു. ഈ ഗവൺമെന്റ് അക്രമം നടത്തുന്നവർക്കെതിരെ കർശനമായ നില പാട് സ്വീകരിക്കും. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. മൈത്രി ഭവന പദ്ധതിയെ സംബന്ധിച്ച് ഇന്നലെ നടന്ന ചർച്ചയിൽ ബഹുമാന്യനായ മുഖ്യമന്ത്രി എടുത്ത നിലപാട് സ്വാഗ താർഹമാണ്. ഗവൺമെന്റിന് ഒന്നും ഒളിച്ചുവയ്ക്കാനില്ല, 1991 മുതൽ 2006 വരെയുള്ള കാര്യം അന്വേഷിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. അതിനെ ശ്രീ.കെ.എം. മാണി എതിർക്കുകയാണ് ചെയ്തത്. ഇത് രാഷ്ട്രീയ ഉദ്ദേശ്യ ത്തോടുകൂടിയുള്ളതാണ്. യു.ഡി.എഫ്.ന്റെ ഭരണകാലത്ത് ലോകായുക്ത പ്രഥമദൃഷ്ട്യാ കുറ്റക്കാരാണെന്നുപറഞ്ഞ നാല് മന്ത്രിമാർക്കെതിരെ ഒരു നടപടിയും സ്വീകരിക്കാതിരുന്നവരാണ് ആളുകളാണ് പ്രധാനമായും ഇപ്പോൾ രംഗത്തുവന്നിരിക്കുന്നത്. ഇവിടെ അക്രമങ്ങൾ നടത്താനാണ് ഉദ്ദേ ശിക്കുന്നതെങ്കിൽ ഗവൺമെന്റ് അതിനെ കർക്കശമായി നേരിടും. ഇക്കാര്യം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ.എം. മാണി. സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷകക്ഷി നേതാക്കന്മാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി. പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

**ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്**

മി. സ്പീക്കർ : നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ശ്രീ. ജോസ് ബേബിയുടെയും ശ്രീ. യു. സി. രാമന്റെയും പേരുകൾ നിർദ്ദേശിച്ചുകൊണ്ടുള്ള നാമനിർദ്ദേശപത്രികകൾ കിട്ടിയിട്ടുണ്ട്. ശ്രീ. ജോസ് ബേബിയെ നാമനിർദ്ദേശം ചെയ്തുകൊണ്ട് 4 പത്രികകൾ ലഭിച്ചു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിർദ്ദേശിക്കുകയും ശ്രീ. പി.സി. ജോർജ്ജ് പിൻതാങ്ങുകയും ശ്രീ. സി. ദിവാകരൻ, നിർദ്ദേശിക്കുകയും ശ്രീ. മാത്യൂ ടി. തോമസ് പിൻതാങ്ങുകയും ശ്രീ. പി.ജെ.ജോസഫ് നിർദ്ദേശിക്കുകയും ശ്രീ. കെ.പി.രാജേന്ദ്രൻ പിൻതാങ്ങുകയും ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ നിർദ്ദേശിക്കുകയും ശ്രീ.എ.കെ.ശശീന്ദ്രൻ പിൻതാങ്ങുകയും ചെയ്തുകൊണ്ടുള്ളതാണ്. ശ്രീ. യു.സി. രാമനെ നാമനിർദ്ദേശം ചെയ്തുകൊണ്ട് 3 പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർദ്ദേശിക്കുകയും ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി പിൻതാങ്ങുകയും ശ്രീ. കെ.സി.വേണുഗോപാൽ നിർദ്ദേശിക്കുകയും ശ്രീ. തോമസ് ചാഴികാടൻ പിൻതാങ്ങുകയും ശ്രീ. കെ.സി.ജോസഫ് നിർദ്ദേശിക്കുകയും ശ്രീ. ജോസഫ് എം.പുതുശ്ശേരി പിൻതാങ്ങുകയും ചെയ്തുകൊണ്ടുള്ളതാണ്. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം

അംഗങ്ങൾ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ വോട്ടെടുപ്പിലൂടെ ഡെപ്യൂട്ടി സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്.

(ശ്രീ. ജോസ് ബേബിക്ക് 94 വോട്ടും ശ്രീ. യു. സി. രാമന് 41 വോട്ടും ലഭിച്ചു. ശ്രീ.മത്തായി ചാക്കോ ശ്രീ.ജോസ് തെറ്റയിൽ എന്നീ അംഗങ്ങൾ സഭയിൽ ഹാജരായിരുന്നില്ല. ശ്രീ.ജോസ് ബേബിയും ശ്രീ.യു.സി. രാമനും വോട്ടിംഗിൽ പങ്കെടുത്തില്ല.)

ശ്രീ.ജോസ് ബേബിയെ നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി പ്രഖ്യാപിക്കുന്നു. (ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറെ സഭാദ്ധ്യക്ഷൻ ഹാർദ്ദമായി അനുമോദിക്കുകയും സർവ്വ വിജയാശംസകളും നേരുകയും ചെയ്തശേഷം ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം അലങ്കരിക്കുന്നതിനുവേണ്ടി ക്ഷണിക്കുകയുണ്ടായി. ശ്രീ.ജോസ് ബേബി ഡെപ്യൂട്ടി സ്പീക്കർക്കായി നിശ്ചയിച്ചിട്ടുള്ള സ്ഥാനത്ത് ഉപവിഷ്ടനായി).

**ശ്രദ്ധക്ഷണിക്കൽ**

(1) ദേശീയ സമ്പാദ്യ പദ്ധതി പ്രവർത്തനം മെച്ചപ്പെടുത്തൽ

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്: . സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവതികൾക്ക് ജോലി കിട്ടുന്നതും സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് കോടിക്കണക്കിന് രൂപ ലഭിക്കുന്നതുമായ മഹിളാ പ്രധാൻ ഏജന്റുമാരുടെ നിയമനം സംസ്ഥാന സർക്കാരും പോസ്റ്റൽ വകുപ്പും തമ്മിലുള്ള തർക്കം മൂലം അവതാളത്തിലായിരിക്കുകയാണ്. ജില്ലാ കളക്ടർമാരാണ് മഹിളാ പ്രധാൻ ഏജന്റുമാരെ നിയമിക്കുന്നത്. അടുത്ത കാലത്തായി ജില്ലാ കളക്ടർമാർ നിയമിക്കുന്ന ഏജന്റുമാരെ സ്വീകരിക്കാൻ പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് തയ്യാറാകുന്നില്ല. 2000–ത്തോളം മഹിളാ പ്രധാൻ ഏജന്റുമാ

രുടെ ഒഴിവുകൾ സംസ്ഥാനത്തുണ്ട്. കഴിഞ്ഞവർഷം ദേശീയ സമ്പാദ്യ പദ്ധതിയിൽ നിക്ഷേപമായി ലഭിച്ച 1500/- കോടി രൂപ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനത്തിന് ഉപയോഗിക്കാൻ സാധിച്ചു. ഒഴിവുകൾ നികത്താത്തതു കാരണം വമ്പിച്ച ദേശീയ നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. മാത്രമല്ല നിരവധി യുവതികൾക്ക് തൊഴിൽ സാദ്ധ്യതയും നഷ്ടമായിരിക്കുകയാണ്. അതുകൊണ്ട് മഹിളാപ്രധാൻ ഏജന്റുമാരെ നിയമിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്) കഴിഞ്ഞ വർഷം 3000 കോടി രൂപയാണ് ചെറുകിട സമ്പാദ്യത്തിൽനിന്നും വായ്പയായിട്ട് സ്വീകരിച്ചത്. അത് വികാസ്പത്ര പോലുള്ള സ്ഥിരം നിക്ഷേപം ഉൾപ്പെടെയുള്ളതാണ് 2005-06 കാലഘട്ടത്തിൽ പോസ്റ്റാഫീസ് വഴിയുള്ള മൊത്തം നിക്ഷേപമായ 5922 കോടി രൂപയിൽ മഹിളാ പ്രധാൻ ഏജന്റുമാർ വഴി ലഭിച്ചത് 1508 കോടി രൂപയാണ്. ഈ നിക്ഷേപം വളരെ വേഗം പിൻവലിക്കുന്നതു കാരണം മിച്ചം നിക്ഷേപമായി കിട്ടിയത് 525 കോടി രൂപയാണ്. ഈ 525 കോടി രൂപയ്ക്ക് കമ്മീഷനും അലവൻസും കൊടുക്കുന്നതിന് മൊത്തം 135 കോടി രൂപയുടെ ചെലവ് വരുന്നുണ്ട്. ഈ ആനുകൂല്യങ്ങളിൽ കുറവ് വരുത്താൻ ഈ സർക്കാർ ഉദ്ദേശിക്കുന്നില്ല. സ്മാൾ സേവിംഗ്സിനുള്ള 9.5 ശതമാനം പലിശയും മറ്റ് ആനുകൂല്യങ്ങളും ചേർത്താൽ 12 ശതമാനത്തോളം പലിശ ഇതിന് വരുന്നുണ്ട്. ഓപ്പൺ മാർക്കറ്റിലെ ബോറോയിംഗിന് 7% പലിശയേയുള്ളു. അതുകൊണ്ട് കേന്ദ്രഗവൺമെന്റ് അവരുടെ ആവശ്യത്തിന് ഈ തുക എടുക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രം അംഗീകരിച്ചിട്ടില്ല. ഇതിൽ യാഥാർത്ഥ്യബോധത്തോടുകൂടിയ സമീപനം ആവശ്യമാണ്. ഇപ്പോൾ മഹിളാ പ്രധാൻ ഏജന്റുമാരുടെ നിയമന നിരോധനം നീക്കിയിരിക്കുകയാണ്.

എന്നാൽ പോസ്റ്റാഫീസ് അധികൃതർ പറയുന്നത് നിക്ഷേപം സ്വീകരിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരില്ലെന്നാണ്. അതുകൊണ്ട് പോസ്റ്റാഫീസ് അധികൃതരുമായി ഇക്കാര്യം ചർച്ച ചെയ്ത് കൂടുതൽ നിക്ഷേപം സമാഹരിക്കാൻ ആവശ്യമായ ഏജന്റുമാരെ നിയമിക്കാൻ നടപടി സ്വീകരിക്കാം.

(2) കേരള ക്ഷീര കർഷക ക്ഷേമനിധി ഓർഡിനൻസിലെ അപാകതകൾ

ശ്രീ.മാങ്കോട് രാധാകൃഷ്ണൻ: കേരളത്തിൽ 14 ലക്ഷം ക്ഷീര കർഷകരാണുള്ളത്. ക്ഷീര സംഘങ്ങളിലേതുൾപ്പെടെ കേരളത്തിലെ മുഴുവൻ ക്ഷീര കർഷകരും കേരള ക്ഷീര കർഷക ക്ഷേമനിധി ഓർഡിനൻസിനെ എതിർക്കുകയാണ്. ഈ മേഖലയിലുള്ള എല്ലാപേർക്കും ഗുണകരമായ രീതിയിൽ ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. എന്നാൽ നിലവിലുള്ള ഓർഡിനൻസ് നിയമമായാൽ അതിലെ നിബന്ധനകൾ അനുസരിച്ച് ക്ഷീര സംഘങ്ങളിൽ അംഗങ്ങളല്ലാത്തവർക്ക് ഇതിൽ അംഗമായി ചേരാൻ കഴിയുകയില്ല. ലിറ്ററിന് 25 പൈസ ക്ഷേമപദ്ധതിയിൽ നൽകണമെന്നാണ് വ്യവസ്ഥ. വർഷത്തിലൊരിക്കൽ ക്ഷീര കർഷകന് സംഘത്തിൽനിന്നും കിട്ടിക്കൊണ്ടിരുന്ന ബോണസ് ഇതുമൂലം നഷ്ടമാകുന്നു. ഈ ക്ഷേമനിധിയിൽ സർക്കാരിന്റേയോ മറ്റ് ധനകാര്യ സ്ഥാപനങ്ങളുടേയോ വിഹിതമില്ല. ഒരു ലിറ്റർ പാലും 50 ലിറ്റർ പാലും കൊടുക്കുന്നവരിൽ നിന്ന് ഒരുപോലെ വിഹിതം ഈടാക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; ഇതിൽ മാറ്റം വരുത്തണം. കേരളത്തിലെ മുഴുവൻ കർഷകരേയും ക്ഷേമനിധി ബോർഡിൽ അംഗമാക്കാൻ വ്യവസ്ഥ ചെയ്യണം. കാലിത്തീറ്റ ഫാക്ടറികൾ, സ്വകാര്യ ഡയറികൾ എന്നിവയിൽനിന്നും ക്ഷേമനിധിയിലേയ്ക്ക് വിഹിതം ഈടാക്കണം. ഇതുമായി ബന്ധപ്പെട്ട് ക്ഷീര കർഷകരേയും ക്ഷീര സംഘങ്ങളുടെ പ്രതിനിധികളേയും കേരളത്തിലെ

ജനപ്രതിനിധികളേയും വിളിച്ച് ചർച്ച നടത്തണം. കേരളത്തിലെ മുഴുവൻ ക്ഷീര കർഷകർക്കും പ്രയോജനം ചെയ്യുന്ന ഒരു ക്ഷേമനിധി ബിൽ അടിയന്തിരമായി സഭയിൽ അവതരിപ്പിച്ച് പാസ്സാക്കാൻ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി.ദിവാകരൻ): കേരളത്തിലെ 14 ലക്ഷത്തിൽപ്പരം വരുന്ന ക്ഷീര കർഷകർക്കുവേണ്ടി ഒരു ക്ഷേമനിധി ഇപ്പോൾ നിലവിലുണ്ട്. അതിന്റെ കാലാവധി അവസാനിക്കുന്നതിനു മുൻപ് ഓർഡിനൻസ് നിയമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ ഓർഡിനൻസിൽ ഒട്ടേറെ അപാകതകളുണ്ട്. അംശദായം അതിൽ പ്രധാനപ്പെട്ടതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 12.6.06-ൽ ഇതുമായി ബന്ധപ്പെട്ട പ്രതിനിധികളെയും വിളിച്ച് ആശയവിനിമയം നടത്തി. അംശദായം പിരിച്ചെടുക്കുന്നതിൽ നിലവിലുള്ള വ്യവസ്ഥ പാടേ മാറ്റണമെന്നും അംശദായത്തിന്റെ തോത് ക്രമീകരിക്കണമെന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിൽ മിൽമ മാത്രമല്ല ഈ രംഗത്ത് പ്രവർത്തിക്കുന്നത്. പുറത്തുള്ള പല പുതിയ ഏജൻസികളും കമ്പനികളും പാൽ വിതരണം ചെയ്യുന്നുണ്ട്. കാലിത്തീറ്റ വിതരണം ചെയ്യുന്ന പ്രത്യേക കമ്പനികളുണ്ട്. ഇതുമായി ബന്ധപ്പെട്ടവർക്കെല്ലാം അംശദായം നിശ്ചയിച്ച് കൊടുത്ത് ഈ ക്ഷേമനിധി ഫലപ്രദമായി സാമ്പത്തിക ബുദ്ധിമുട്ടില്ലാതെ നടത്തണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇപ്പോൾ കേരളത്തിനാവശ്യമായ പാൽ ലഭ്യമല്ല. അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാലിന്റെ ക്വാളിറ്റിയെ സംബന്ധിച്ച് ജനങ്ങൾക്ക് സംശയമുണ്ട്. 14 ലക്ഷത്തിൽപ്പരം വരുന്ന ക്ഷീര കർഷകരുടെ ക്ഷേമനിധി ഫലപ്രദമായി നടത്താനുള്ള

നടപടികൾ ആരംഭിച്ചിരിക്കുകയാണ്. കേരളത്തിലുള്ള ഇതര ക്ഷേമ പദ്ധതികളുമായി താരതമ്യപ്പെടുത്തിയാൽ ക്ഷീര കർഷകരുടെ ക്ഷേമനിധിയിൽ വായ്പകളും ആനുകൂല്യങ്ങളും കൊടുക്കാൻ കഴിയുന്ന തരത്തിലാണ് ആലോചിച്ചിരിക്കുന്നത്. സർക്കാരിന്റെ വിഹിതത്തെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. എങ്ങനെയാണ് സർക്കാർ ഇതിൽ പാർട്ടിസിപ്പേഷൻ നടത്തുന്നത്, ഏത് എക്സ്റ്റെന്റുവരെ ആകാം എന്നതു സംബന്ധിച്ച് ആലോചിച്ച് ചെയ്യുന്നതാണ്. മെമ്പർഷിപ്പിന്റെ പരിധി കുറച്ചുകൂടി വിപുലമാക്കി പാൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന എല്ലാവരേയും ക്ഷേമനിധി ബോർഡിൽ കൊണ്ടുവരുന്നതിൽ ഉദാരമായ സമീപനം സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) <u>പ്രിൻസ്, ശ്രീദേവൻ എന്നീ യുവാക്കളെ ബീഹാറിൽവച്ച് കൊല ചെയ്യപ്പെട്ട സംഭവം</u>

<u>ശ്രീ.എം.കെ.പ്രേംനാഥ്:</u> കോഴിക്കോട് ജില്ലയിൽ അഴിയൂർ പഞ്ചായത്തിലെ ശ്രീദേവനേയും കോട്ടയത്തുള്ള പ്രിൻസിനേയും 27-2-06-ൽ ബീഹാറിൽ വച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ ഇതുവരേയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രസ്തുത സംഭവത്തിൽ ബീഹാർ സ്വദേശി ഇമ്മാനുവൽ ഹഖിനും പങ്കുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ബീഹാറിൽ നടന്ന സംഭവമായതുകൊണ്ട് സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിച്ച് കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ.കോടിയേരി ബാലകൃഷ്ണൻ)</u> : കോഴിക്കോട് ജില്ലയിലെ വടകര അഴിയൂരിൽ ചോയി മഠത്തിൽ 21 വയസ്സുള്ള ശ്രീദേവൻ കോട്ടയം സ്വദേശിയും സുഹൃത്തുമായ

പ്രിൻസുമായി 2006 ഫെബ്രുവരി 21-ന് ബീഹാറിൽ ജോലി അന്വേഷിച്ച് പോയതിനുശേഷം യാതൊരു വിവരവുമില്ലെന്ന് കാണിച്ച് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ എടച്ചേരി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്നുള്ള അന്വേഷണത്തിൽ വിദേശത്ത് ജോലി ചെയ്തിരുന്ന ശ്രീദേവൻ അവിടെവച്ച് പരിചയപ്പെട്ട ബീഹാർ സ്വദേശി ഇമ്മാനുവൽ ഹഖിന്റെ പ്രേരണ പ്രകാരം 21-2-2006-ന് ജോലി തരപ്പെടുത്തുന്നതിനായി ബീഹാറിൽ പോയതായും 26-2-06-ൽ ബീഹാറിലെ ശിവാൻ ജില്ലയിലെ ഹസ്സൻപുരം എന്ന സ്ഥലത്തുള്ള ഗോതമ്പ് വയലിൽ ഇവർ കൊലചെയ്യപ്പെട്ട നിലയിൽ കണ്ടെത്തിയതായും വിവരം ലഭിച്ചു. ഇക്കാര്യത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം ബീഹാറിലെ ശിവാൻ ജില്ലയിലെ എം.എച്ച് നഗർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതായും ഇവർ രണ്ടുപേരുടേയും മൃതദേഹം പോസ്റ്റ്മോർട്ടം നടത്തിയശേഷം ശിവാൻ നദിക്കരയിൽ മറവുചെയ്തതായും വിവരം ലഭിച്ചിട്ടുണ്ട്. അന്വേഷണത്തിൽ കൊലപാതകം നടത്തിയ മൂന്ന് പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ടെന്നും അവർ ഒളിവിലായതിനാൽ അറസ്റ്റുചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നുമാണ് അറിയാൻ സാധിച്ചിട്ടുള്ളത്. ഇവരെ അറസ്റ്റു ചെയ്യുന്നതിനുള്ള ഊർജ്ജിതമായ ശ്രമം നടന്നുവരുന്നുണ്ടെന്നാണ് കേരളാ ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളത്. ഈ പ്രശ്നത്തിൽ ബീഹാർ ഗവൺമെന്റുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>സുനിൽകുമാറിന്റെ കൊലപാതകം</u>

<u>ശ്രീ.എൻ.രാജൻ:</u> കിളിമാനൂർ അടയമൺ മുതുകുറിഞ്ഞി കുന്നുവിള വീട്ടിൽ സുനിൽ കുമാറിന്റെ കൊലപാതകത്തെപ്പറ്റിയുള്ള അന്വേഷണം

ഊർജ്ജിതമാക്കണം. ഒരു പത്ര ഏജന്റും ആർ.എസ്.എസ്-ന്റെ പ്രധാന പ്രവർത്തകനുമായിരുന്ന സുനിൽ കുമാർ കഴിഞ്ഞ മേയ് മാസം 9-ന് പുലർച്ചെ 5 മണിക്ക് കിളിമാനൂർ ടൗണിൽ മഹാദേവേശ്വരം ജംഗ്ഷനിൽ വച്ച് അടച്ചിട്ടിരുന്ന കടത്തിണ്ണയിലിരുന്ന് പത്രക്കെട്ടുകൾ അടുക്കികൊണ്ടിരിക്കെ പെട്ടെന്ന് ഒരു ക്വാളിസ് കാറിൽ വന്ന ആറംഗ സംഘം മുഖംമൂടി ധരിച്ച് മാരകായുധങ്ങൾ ഉപയോഗിച്ച് വെട്ടിക്കൊലപ്പെടുത്താൻ ശ്രമിക്കുകയും ഓടി രക്ഷപ്പെടാൻ ശ്രമിച്ച സുനിൽകുമാറിന്റെ പുറകേ പോയി ആയുധധാരികൾ എം.സി.റോഡിന് നടുക്കിട്ട് വെട്ടി കൊലപ്പെടുത്തിയശേഷം വാഹനത്തിൽ കയറി പോകുകയുമുണ്ടായി. ഈ സംഭവത്തിൽ ലോക്കൽ പോലീസ് അന്വേഷണം നടത്തിക്കൊണ്ടിരിക്കെ അത് ക്രൈം ബ്രാഞ്ച് ഏറ്റെടുക്കുകയും പിന്നീട് കേസ് അന്വേഷണം മന്ദീഭവിക്കുകയും ചെയ്തു. അവിടെ വലിയ സംഘർഷസാദ്ധ്യത നിലനിൽക്കുന്നതുകൊണ്ട് മുസ്ലീം പള്ളികളിൽ പോലീസ് കാവൽ ഏർപ്പെടുത്തിയിരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ കാര്യക്ഷമമായ അന്വേഷണം നടത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2006 മേയ് 9-ാം തീയതി രാവിലെ 5.30-ന് കിളിമാനൂർ സ്വദേശി സുനിൽകുമാറിനെ ക്വാളിസ് കാറിൽ വന്ന മുഖംമൂടി ധരിച്ച ഏതാനും ആളുകൾ വെട്ടിയും അടിച്ചും കൊലപ്പെടുത്തി എന്നതാണ് കേസ്. ഇക്കാര്യത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കിളിമാനൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും വിശദമായ അന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന് കൈമാറുകയും അന്വേഷണത്തിൽ പ്രതികളെക്കുറിച്ച് വ്യക്തമായ സൂചന ലഭിച്ചതായി റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. അന്വേഷണാരംഭത്തിൽത്തന്നെ

പ്രതികളെന്നു സംശയിക്കപ്പെടുന്നവർ ഒളിവിൽ പോയ സാഹചര്യത്തിൽ അവരെ കണ്ടെത്തുന്നതിന് ക്രൈംബ്രാഞ്ചിലെ വിദഗ്ദ്ധരായ ഉദ്യോഗസ്ഥരുടെ ടീമിനെ നിയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗൗരവതരമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് പ്രതികളെ പിടികൂടുന്നതിന് ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

### (3) കോട്ടയം എസ്.എം.ഇ. – യിലെ നഴ്സിംഗ് വിദ്യാർത്ഥിനിയെ പീഡിപ്പിച്ച കേസിൽ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. വി.എൻ. വാസവൻ: മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള സ്ക്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിലെ ഒന്നാം വർഷം വിദ്യാർത്ഥിനിയെ ഒക്ടോബർ 21–ാം തീയതി 6 വിദ്യാർത്ഥികൾ ചേർന്ന് ലാബിൽ വച്ച് മയക്കുമരുന്ന് നൽകിയശേഷം ക്രൂരമായി ബലാൽസംഗം ചെയ്യുകയും ഇക്കാര്യം പുറത്തുപറഞ്ഞാൽ കൊന്നുകളയുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു. കോട്ടയത്തെ പൊതുപ്രവർത്തകരും മാധ്യമ പ്രവർത്തകരും ചേർന്ന് സംഭവം പുറത്തുകൊണ്ടുവന്നതോടുകൂടി 69 ദിവസങ്ങൾക്കുള്ളിൽ പോലീസ് അന്വേഷണം നടത്തി കേരള ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് ചാർജ് ഷീറ്റ് കൊടുക്കുകയുണ്ടായി. എന്നാൽ ഇൻഡ്യൻ ജുഡീഷ്യറിയുടെ ചരിത്രത്തിൽ ആദ്യമായി പ്രതികളുടെ ആവശ്യപ്രകാരം പെൺകുട്ടിയെ ബ്രെയിൻ മാപ്പിംഗിനും പോളിഗ്രാഫ് ടെസ്റ്റിനും വിധേയമാക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിരിക്കുന്നു. ഈ ഉത്തരവിനെതിരെ സുപ്രീംകോടതിയെ സമീപിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയാണ്. ഈ കേസുമായി മുന്നോട്ടുപോയാൽ പെൺകുട്ടിയെ കൊലപ്പെടുത്തുമെന്ന് നിരന്തരം ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

ഹൈക്കോടതിയുടെ ഈ വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ പോകാൻ തയ്യാറാകുന്നതോടൊപ്പം പെൺകുട്ടിക്ക് ആവശ്യമായ സുരക്ഷിതത്വം ഉറപ്പുവരുത്താൻ പോലീസ് വകുപ്പ് ജാഗ്രത പുലർത്തണം.

ശ്രീ. പി.സി. ജോർജ്: പെൺകുട്ടി പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ കൂട്ടിക്കൽ പഞ്ചായത്തിലുള്ളതാണ്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ട്ടാണ് ബഹുമാനപ്പെട്ട ഹൈക്കോടതി വാദിയെ ഇത്തരത്തിലൊരു ടെസ്റ്റിനു വിധേയമാക്കണമെന്ന് പറയുന്നത്. കുട്ടിയെ കൊലചെയ്യുമെന്ന് ഭീഷണിപ്പെ ടുത്തുന്നവരെ എത്രയുംവേഗം കസ്റ്റഡിയിലെടുക്കണം. ആ കുട്ടിക്ക് മേലിൽ അപകടം ഉണ്ടാകാതിരിക്കാൻ പോലീസ് പ്രൊട്ടക്ഷൻ ഉൾപ്പെടെയുള്ള നടപടി കളെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : കോട്ടയം ഗാന്ധിനഗർ എസ്.എം.ഇ. യിലെ ഒന്നാംവർഷ വിദ്യാർത്ഥിനിയെ സീനിയർ വിദ്യാർത്ഥികളായ ഏതാനും പേർ ചേർന്ന് റാഗ് ചെയ്ത് പീഡിപ്പിച്ചതായി ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. ഇതിനോട നുബന്ധിച്ച് രഞ്ജിത് വർഗീസ് എന്ന സീനിയർ വിദ്യാർത്ഥി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു ഒ.പി. ഫയൽ ചെയ്തതിന്മേലുള്ള ഉത്തര വിൽ ഈ കേസിലെ പ്രതികളേയും പീഡനത്തിനിരയായ പെൺകുട്ടിയേയും പോളിഗ്രാഫ് ടെസ്റ്റിനും ബ്രെയിൻ മാപ്പിംഗ് ടെസ്റ്റിനും വിധേയമാക്കേണ്ടതാ ണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പീഡനത്തിനിരയായ വ്യക്തിയെ പോളിഗ്രാഫ്

ടെസ്റ്റിനും ബ്രെയിൻ മാപ്പിംഗ് ടെസ്റ്റിനും വിധേയമാക്കണമെന്ന ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി വിധി പരിശോധിച്ച് എന്ത് നിയമ നടപടി സ്വീകരിക്കണമെന്ന് വിദഗ്ദ്ധോപദേശം തേടിയശേഷം നടപടികൾ സ്വീകരിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്. പെൺകുട്ടിക്ക് ഭീഷണി പ്രശ്നമുണ്ടെങ്കിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ പ്രത്യേക നടപടി സ്വീകരിക്കുന്നതാണ്.

## (4) ആലത്തൂരിലെ മോഡേൺ റൈസ്മിൽ തുറന്നു പ്രവർത്തിപ്പിക്കണമെന്ന ആവശ്യം

ശ്രീ. എം. ചന്ദ്രൻ: പാലക്കാട് ജില്ലയിലെ ഏറ്റവും കൂടുതൽ നെൽവയലുകളുള്ള പ്രദേശമായ ആലത്തൂർ താലൂക്കിൽ ദിവസം ചെല്ലുംതോറും നെൽപ്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ജനങ്ങൾക്കുവേണ്ട ഭക്ഷ്യധാന്യം ഉൽപ്പാദിപ്പിക്കുന്ന ഈ നാട്ടിലെ നെൽകൃഷിക്കാരേയും നെൽവയലുകളേയും സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെകൂടി ആവശ്യമാണ്. നെൽകൃഷിക്കാരെ സംരക്ഷിക്കണമെങ്കിൽ അവർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായ വില കൊടുത്ത് സർക്കാർ തന്നെ സംഭരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകണം. നെല്ല് സംഭരിച്ച് അരിയാക്കുന്നതിനും വിപണനം നടത്തുന്നതിനും 1996-ലെ എൽ.ഡി.എഫ് ഗവൺമെന്റ് ആലത്തൂരിൽ ഒരു മോഡേൺ റൈസ്മിൽ സ്ഥാപിക്കാൻ തീരുമാനിച്ച് ത്വരിതഗതിയിൽ കെട്ടിടം പണി പൂർത്തിയാക്കുകയും ആവശ്യമായ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുകയും ചെയ്തു. പക്ഷേ തുടർന്ന് അധികാരത്തിൽവന്ന യു.ഡി.എഫ് ഗവൺമെന്റ് ഈ മിൽ പ്രവർത്തിപ്പിച്ച് അവിടുത്തെ കൃഷിക്കാരെ സംരക്ഷിക്കുന്നതിനുള്ള യാതൊരു നീക്കവും നടത്തിയില്ല. നെല്ല് സംഭരിച്ച് അരിയാക്കി വിപണനം നടത്തുന്നതുവഴി പാലക്കാട് ജില്ലയിലെ കൃഷിക്കാരെ സഹായിക്കാൻ സാധി

ക്കും. അതിനാൽ മില്ലിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : 24.10.2000-ലെ ഗവണ്മെന്റ് ഉത്തരവ്പ്രകാരം ആലപ്പുഴ ജില്ലയിലെ തകഴിയിലും പാലക്കാട് ജില്ലയിലെ ആലത്തൂരും കോട്ടയം ജില്ലയിലെ വൈക്കത്തും ഓരോ മോഡേൺ റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് 556 ലക്ഷംരൂപ അനുവദിക്കുകയുണ്ടായി. ആലത്തൂർ, തകഴി എന്നിവിടങ്ങളിലെ റൈസ് മില്ലുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് 101.96 ലക്ഷം രൂപ സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് നൽകി. 12/2003-ൽ പ്രസ്തുത മില്ലുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് 125 ലക്ഷംരൂപ ചെലവായതായും ആലത്തൂർ റൈസ് മില്ലിന്റെ പണി പൂർത്തീകരിക്കുന്നതിനും തകഴി റൈസ് മിൽ ഗോഡൗണാക്കി മാറ്റുന്നതിനുമായി 164..04 ലക്ഷംരൂപ കൂടി അനുവദിക്കണമെന്ന് വെയർഹൗസിംഗ് കോർപ്പറേഷൻ ആവശ്യപ്പെട്ടു. ആലത്തൂർ റൈസ് മില്ലിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി 69.91 ലക്ഷംരൂപ ഇതുവരെ ചെലവായിട്ടുണ്ട്. 2003-ലെ എസ്റ്റിമേറ്റ് പ്രകാരം ആലത്തൂർ റൈസ് മില്ലിന്റെ പണി പൂർത്തിയാക്കുവാൻ 105 ലക്ഷംരൂപ ആവശ്യമായിരുന്ന സ്ഥാനത്ത് ഇപ്പോഴത്തെ സാഹചര്യത്തിൽ ഉണ്ടാകാവുന്ന 20 ശതമാനം വർദ്ധനവ്കൂടി കണക്കിലെടുത്ത് കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിനും യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും പ്ളാന്റ് വൈദ്യുതീകരിക്കുന്നതിനുമായി 126 ലക്ഷം രൂപകൂടി ആവശ്യമാണ്. ഇത് ഗവണ്മെന്റിന്റെ സജീവ പരിഗണനയിലാണ്.

(5) ശമ്പളപരിഷ്ക്കരണ റിപ്പോർട്ടിലെ അവ്യക്തത

ശ്രീ.വി.ഡി.സതീശൻ : സംസ്ഥാനത്തെ സർവ്വീസ് പെൻഷണേഴ്സിന്റെ ആനുകൂല്യങ്ങൾ പരിഷ്ക്കരിച്ച് നൽകുന്നതിന് 18.4.2006-ൽ ഇറക്കിയ ഗവണ്മെന്റ് ഉത്തരവിലെ അവ്യക്തതകൾ പരിഹരിക്കുന്നതിന് 8.6.2006-ൽ ഇറക്കിയ ഉത്തരവിലും ധാരാളം അവ്യക്തതകളാണ്. ജീവനക്കാർ തന്നെ സർവ്വീസ് ഡീറ്റെയിൽസും മേലധികാരികളുടെ സർട്ടിഫിക്കറ്റുകളും ഹാജരാക്കണമെന്ന് പറയുന്നതിലൂടെ ഒരേ റാങ്കിന് ഒരേ പെൻഷൻ എന്നത് നിഷേധിക്കുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്. പെൻഷൻകാർക്ക് അറിയാവുന്ന വിവരങ്ങൾ കൊടുക്കുകയും ബാക്കിയുള്ളവ സർവ്വീസ് ബുക്കുനോക്കി രേഖപ്പെടുത്തണമെന്നുമാണ് ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിൽ പറയുന്നത്. 30 വർഷം മുമ്പ് പെൻഷനായവർക്കും രണ്ടുവർഷം മുമ്പ് പെൻഷനായവർക്കും ഒരേ ഫിറ്റ്മെന്റ് ആനുകൂല്യമാണ് നൽകി യിരിക്കുന്നത്. സർവ്വീസ് പെൻഷണേഴ്സിന് കിട്ടിക്കൊണ്ടിരുന്ന സ്റ്റേജ് ബെനിഫിറ്റ് ആനുകൂല്യം നിഷേധിക്കപ്പെട്ടിരിക്കുന്നു. സർവ്വീസിലുള്ളവർക്ക് ലഭിക്കുന്ന 4 വെയിറ്റേജ് ആനുകൂല്യവും പെൻഷണേഴ്സിന് നിഷേധി ച്ചിരിക്കുന്നു. ഗവണ്മെന്റ് ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവിലെ അവ്യക്തത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തോമസ് ഐസക്) : ഇപ്പോൾ ഇറക്കിയി ട്ടുള്ള പെൻഷൻ ഉത്തരവിൽ അവ്യക്തതയോ ആശയകുഴപ്പമോ ഇല്ല. 18.4.2006-ലും 8.6.2006-ലുമായി രണ്ട് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ ശുപാർശ പ്രകാരം പെൻഷൻ നിശ്ചയിക്കുന്നതിന് രണ്ട് നടപടിക്രമങ്ങളുണ്ട്. ബേസിക് പെൻഷനോടൊപ്പം 59 ശതമാനം ഡി.എ. ലയിപ്പിച്ച് 6 ശതമാനം ഫിറ്റ്മെന്റുംകൂടി ചേർത്ത് ഫിക്സ് ചെയ്യും. ഇങ്ങനെ ചെയ്യുന്നതിന് യാതൊരു തടസ്സവുമില്ല. എവിടെ നിന്നാണോ പെൻഷൻ

വാങ്ങുന്നത് അവിടെ ഇത് ചെയ്യാം. ഇങ്ങനെ നിശ്ചയിച്ച തുക ഇപ്പോഴത്തെ തസ്തികയുടെ ഫുൾ പെൻഷനേക്കാൾ കുറവാണെങ്കിൽ അത് നിക ത്തുന്നതിന് റിട്ടയർ ചെയ്ത വർഷത്തെ സർവ്വീസ്, ഡെസിഗ്നേഷൻ, സ്കെയിൽ ഇതെല്ലാം കൃത്യമായി വേണം. രേഖകൾ മുഴുവൻ ലഭ്യമാകുന്ന ഏക സ്ഥാപനം ഏ.ജീസ് ഓഫീസാണ്. ഏജീസ് ഓഫീസിൽത്തന്നെ ചെയ്യുന്നതിനുള്ള അഭിപ്രായ സമന്വയം ഉണ്ടാക്കുന്നതിന് ശ്രമിക്കുകയാണ്. ടൈം ലിമിറ്റിന്റെയും മറ്റ് എല്ലാ കാര്യങ്ങളും അവരുമായി ചർച്ച ചെയ്യണം. അതോടുകൂടി ഈ പ്രശ്നം പൂർണ്ണമായി പരിഹരിക്കാനാകും.

(6) പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് തുറന്ന് പ്രവർത്തിപ്പി ക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സാജുപോൾ: 2001-ൽ അടച്ചുപൂട്ടിയ പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ് ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഗവൺമെന്റിന്റെ ഓഹരിയും 88 കോടി രൂപയുടെ ഗവൺമെന്റ് ഗ്യാരന്റിയിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പയും എടുത്തിട്ടുള്ള കമ്പനിയാണിത്. പൊതുപ്രവർത്തകരുടെ ആവശ്യ പ്രകാരം പ്രൊമോട്ടറെ കണ്ടെത്തി ഒപ്പുവച്ച ധാരണാപത്രം ഇതുവരെ നടപ്പാ ക്കാൻ കഴിയാത്ത ഗുരുതരമായ സാഹചര്യം ഉണ്ടായിരിക്കുകയാണ്. 36 കോടി രൂപയുടെ റവന്യൂ വരുമാനം ഗവൺമെന്റിന് ഉണ്ടാക്കിത്തരാൻ കഴി യുന്നതും 600 കോടി രൂപയുടെ നിക്ഷേപം ലഭിക്കുന്നതുമായ ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കാനാവശ്യമായ തീവ്ര നടപടി ഗവൺമെന്റിന്റെ ഭാഗ ത്തുനിന്ന് ഉണ്ടാകണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : അടഞ്ഞുകിടക്കുന്ന പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് പ്രവർത്തിപ്പിക്കുന്നതിന് 14.7.2004-ൽ

കോയമ്പത്തൂർ ആസ്ഥാനമായ എൻ.ഡി.ഇ.ഇ. ഗ്രൂപ്പ് ചെയർമാനായ ശ്രീ. എം.ദാമോദരനുമായി ഗവൺമെന്റും കമ്പനിയും ഒരു കരാർ പത്രത്തിൽ ഒപ്പു വച്ചു. അതിലെ വ്യവസ്ഥ പ്രകാരം ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും കമ്പനിയുടെ ബാധ്യതകൾ പ്രൊമോട്ടർ തീർക്കേണ്ടതും അതിന് ആവശ്യമായ സഹായം സർക്കാർ നൽകേണ്ടതുമാണ്. പ്രൊമോട്ടറും ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും ഉന്നത ഉദ്യോഗസ്ഥരും തമ്മിൽ പലവട്ടം ചർച്ച നടത്തിയെങ്കിലും ഇതുവരെ ഒത്തുതീർപ്പിലെത്താൻ സാധിച്ചിട്ടില്ല. ബാങ്കുകളുടെ ദയവില്ലാത്ത നിലപാടാണ് കമ്പനി തുറക്കാനുള്ള ഇപ്പോഴത്തെ തടസ്സം. വിൽപ്പന നികുതിയും വൈദ്യുതി ചാർജ് കുടിശ്ശിക ഇളവും നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബാങ്കുകളും പ്രൊമോട്ടറുമായി ഒത്തുതീർപ്പ് ഉണ്ടായാൽ മാത്രമേ നടപടി ഊർജ്ജിതപ്പെടുത്താനാകു. 2006 ജൂലായ് മാസത്തിൽ ഇവർ തമ്മിലുള്ള ചർച്ച സംഘടിപ്പിച്ച് ഒത്തുതീർപ്പ് വ്യവസ്ഥ നടപ്പാക്കാൻ സർക്കാർ ശ്രമം നടത്തിവരികയാണ്.

(7) കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണം.

ശ്രീ. പി. വിശ്വൻ: 2001–ൽ നായനാർ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടിയിലെ ഫിഷിംഗ് ഹാർബറിന് അംഗീകാരം നൽകുകയും കേന്ദ്ര സർക്കാർ 2005–ൽ 34 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. അതിന്റെ ഭാഗമായി രണ്ടു കോടി രൂപ റിലീസ് ചെയ്തെങ്കിലും പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. 17 കോടി രൂപ കേരളവും 17 കോടി രൂപ കേന്ദ്രവും വഹിക്കേണ്ടതാണ്. ഈ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട സംരംഭം എന്നുള്ള നിലയിൽ പ്രസ്തുത ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി അടിയന്തിരമായി ആരംഭിക്കാൻ സർക്കാർ നേതൃത്വം നൽകണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): 50 ശതമാനം കേന്ദ്ര സഹായത്തോടെ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി യിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവുപ്രകാരം 2002-ൽ കേന്ദ്ര ഗവണ്മെന്റ് അനുവാദം നൽകിയിട്ടുണ്ട്. പ്രസ്തുത ഹാർബർ കമ്മിഷൻ ചെയ്താൽ 4200 ടൺ മൽസ്യം ലഭ്യമാക്കി പ്രതിവർഷം 13 കോടിയോളം രൂപയുടെ വിറ്റുവരവുണ്ടാക്കാനും നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രതിവർഷം 1,50,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും 1,65,000 മറൈൻ ഫിഷിംഗ് ഓപ്പറേഷന് അവസരം സൃഷ്ടിക്കാനും അനുബന്ധമേഖലയിൽ 8, 25,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും കഴിയും. മൽസ്യമേഖലയിൽ വളരെയേറെ പ്രയോജനം ലഭിക്കുന്ന പ്രസ്തുത പദ്ധതിക്ക് അടിയന്തിരമായി ഭരണാനുമതി നൽകി ഹാർബർ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(8) താനൂരിലെ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താനൂർ ഒസാൻ കടപ്പുറത്ത് ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് 18-8-04-ൽ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും ഫണ്ടിനെക്കുറിച്ച് ഉത്തരവിൽ പറഞ്ഞിട്ടില്ല. പ്രാഥമിക സർവ്വേയുമായി ബന്ധപ്പെട്ട് ചില പ്രവർത്തനങ്ങൾ ഡിപ്പാർട്ട്മെന്റ് തലത്തിൽ നടന്നിട്ടുണ്ട്. ഈ പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് വഴിയൊരുക്കുന്ന, ഒട്ടേറെ മൽസ്യത്തൊഴിലാളികൾക്ക് തൊഴിൽ സാധ്യത ഉറപ്പു വരുത്തുന്ന ഈ പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): താനൂർ നിയോജകമണ്ഡലത്തിലെ ഒസാൻ കടപ്പുറത്ത് ഒരു മിനി ഫിഷിംഗ്

ഹാർബർ നിർമ്മിക്കുന്നതിനുള്ള അന്വേഷണ-ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഫിഷറീസ് ആന്റ് പോർട്സ് ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവുപ്രകാരം അനുവാദം നൽകിയിരുന്നു. സാധ്യതാപഠന റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിന് സർക്കാർ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് നടപടി സ്വീകരിക്കും.

(9) <u>കൊച്ചി നഗരത്തിലെ മാലിന്യ നിർമ്മാർജ്ജനപ്രവർത്തനങ്ങൾ</u>

<u>പ്രൊഫ. കെ.വി. തോമസ്</u>: മെട്രോപൊളിറ്റൻ സിറ്റിയായ കൊച്ചിയിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി ബ്രഹ്മപുരം സ്കീം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. കൊച്ചിയുടെ വികസനത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കി വരുന്ന 50 വർഷക്കാലത്തേയ്ക്കുള്ള ഒരു സ്കീമിന് രൂപം നൽകണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ.പാലൊളി മുഹമ്മദ്കുട്ടി):</u> 7 ലക്ഷത്തോളം ജനസംഖ്യയും. അസംഖ്യം ആളുകൾ പ്രതിദിനം വന്നുപോകുന്നതുമായ കൊച്ചി നഗരത്തിൽ ഏകദേശം 350 ടൺ ഖരമാലിന്യം ദിനംപ്രതി ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. നഗരസഭ ലാൻഡ് ഫില്ലിംഗിലൂടെയാണ് പ്രധാനമായും അവ നിർമ്മാർജ്ജനം ചെയ്യുന്നത്. ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിന് രണ്ടര ഏക്കർ സ്ഥലം വാങ്ങി അതിൽ പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോയെങ്കിലും ജനങ്ങളുടെ പ്രതിഷേധത്തെത്തുടർന്ന് ആ ശ്രമം ഉപേക്ഷിക്കുകയും തുടർന്ന് ബ്രഹ്മപുരത്ത് 37 ഏക്കർ സ്ഥലം

വാങ്ങുകയുമുണ്ടായി. അവിടെയും എതിർപ്പുണ്ടായതിനെത്തുടർന്ന് എതിർപ്പുള്ളവരുടെ ഭൂമികൂടി ഉൾപ്പെടുത്തി സ്ഥലം വാങ്ങുന്നതിന് നഗരസഭ തീരുമാനിച്ചു. എറണാകുളം ജില്ലാകളക്ടർ നിശ്ചയിച്ചതിനേക്കാൾ ഏതാണ്ട് 30 ശതമാനത്തോളം വില കൂടുതൽ വേണമെന്ന് സ്ഥലം ഉടമകൾ ആവശ്യപ്പെട്ടു. പ്രസ്തുത ആവശ്യം സർക്കാർ ജില്ലാകളക്ടറുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരികയാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ 4-ാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. ബി. ബാബു പ്രസാദ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. ജനവിധിനേടി അധികാരത്തിൽ വന്ന സർക്കാരിന് നയങ്ങൾ രൂപീകരിക്കുന്നതിൽ അവ്യക്തതയും ആശയക്കുഴപ്പവും ഉണ്ടായിട്ടുണ്ടെന്നാണ് ഈ നയപ്രഖ്യാപനത്തിൽനിന്നും മനസ്സിലാക്കുന്നത്. മുൻസർക്കാരിന്റെ ജനപ്രിയ നയങ്ങളെ കേവലം രാഷ്ട്രീയത്തിന്റെ പേരിൽ ഈ സർക്കാർ കണ്ണടച്ച് എതിർക്കുകയാണ്. സർക്കാരിന്റെ ഭാവി പ്രവർത്തനത്തിൽ അരങ്ങേറുവാൻ പോകുന്ന അപകടങ്ങൾ ഈ നയപ്രഖ്യാപനത്തിൽ നിന്നുതന്നെ മനസ്സിലാക്കാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സഹപ്രവർത്തകരും മൂന്നുമാസം മുൻപുവരെ പറഞ്ഞുനടന്നിരുന്ന എല്ലാ ജനകീയ പ്രശ്നങ്ങളും വിസ്മരിക്കുന്ന തരത്തിലുള്ള നടപടികളാണ് ഇവിടെ കാണാൻ കഴിയുന്നത്. 1996 മുതൽ 2001 വരെയുള്ള കാലയളവിൽ പൊതുക്കടം 23,919 കോടി രൂപയായി വർദ്ധിച്ചു. ആ

കാലത്താണ് കേരളത്തിൽ ഏറ്റവും കൂടുതൽ ദിവസം ട്രഷറി അടച്ചുപൂട്ടിയിരുന്നത്. യു.ഡി.എഫ്. ഭരണ കാലത്ത് ഒരു ദിവസംപോലും ട്രഷറി പൂട്ടിയിരുന്നില്ല. ജനോപകാരപ്രദമായ കാര്യങ്ങൾക്ക് പണം വിനിയോഗിച്ചതുകൊണ്ടും ക്രിയാത്മകമായി പ്രവർത്തിച്ചതുകൊണ്ടുമാണ് ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്ത് പൊതുക്കടം 45,637 കോടി രൂപയായത്. സ്വകാര്യ-സംയുക്ത മേഖലകളിൽ കരിമണൽ ഖനനം അനുവദനീയമല്ലെന്ന് വാദിച്ചിരുന്നവർ അധികാരത്തിൽ എത്തിയപ്പോൾ ഈ മേഖലകളിൽ കരിമണൽ ഖനനം നടത്താം എന്ന നയം സ്വീകരിച്ചതിലൂടെ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ എന്നീ തീരപ്രദേശങ്ങളിലെ ജനങ്ങളെ വഞ്ചിച്ചിരിക്കുകയാണ്. ടാറ്റാ ടീ എസ്റ്റേറ്റ് സർക്കാർഭൂമി കൈയ്യേറ്റം ചെയ്തപ്പോൾ ഈ ഗവൺമെന്റ് ക്രിയാത്മകമായ ഒരു നടപടിയും സ്വീകരിച്ചില്ല. ഇടുക്കിയിലെ കാർഡമം ഹിൽ റിസോർട്ട് വനഭൂമിയായിത്തന്നെ നിലനിർത്തേണ്ടതിനെ സംബന്ധിച്ചും കോവളം കൊട്ടാരത്തെ സംബന്ധിച്ചും വാഗമണിൽ നടക്കുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഗവൺമെന്റിന്റെ അഭിപ്രായം വിശദീകരിക്കണം.

<u>ശ്രീ. എം. ചന്ദ്രൻ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. എൽ.ഡി.എഫ് ഗവൺമെന്റിൽ ജനങ്ങൾ അർപ്പിച്ച വിശ്വാസവും പ്രതീക്ഷയുമാണ് നന്ദിപ്രമേയത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. എല്ലാ പത്രങ്ങളും എല്ലാത്തിലുമുപരി ശത്രുക്കളിൽനിന്നുപോലുമുള്ള പ്രശംസയും അംഗീകാരവും ഇതിനു ലഭിച്ചിട്ടുണ്ട്. നയപ്രഖ്യാപനത്തിൽ പറഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി ഈ ഗവൺമെന്റ് നടപ്പിലാക്കിവരികയാണ്. ആത്മഹത്യ ചെയ്ത

കർഷകരുടെ അഞ്ചുലക്ഷം രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളാൻ തീരുമാനിച്ചത് നല്ല കാര്യമാണ്. 1300–ഓളം കൃഷിക്കാർ ആത്മഹത്യ ചെയ്തപ്പോൾ പാക്കേജ് പ്രഖ്യാപിച്ചതല്ലാതെ ആ കുടുംബങ്ങളെ രക്ഷിക്കാൻ യാതൊരു നടപടിയും മുൻ ഗവൺമെന്റിന്റെ കാലത്തുണ്ടായില്ല. കാർഷിക വായ്പകൾക്ക് പലിശ 4 ശതമാനമായി നിജപ്പെടുത്തി. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 111 പൊതുമേഖലാ സ്ഥാപനങ്ങളിൽ 41 എണ്ണം അടച്ചുപൂട്ടിയതിലൂടെ പതിനയ്യായിരത്തിലധികം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടു. ഈ സ്ഥാപനങ്ങൾ പുനരാരംഭിക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. പാലക്കാട്– കഞ്ചിക്കോട് നാഷണൽ ഹൈവേയിലുള്ള നല്ല വില ലഭിക്കുമായിരുന്ന കെൽ–ന്റെ വക 2 ഏക്കർ സ്ഥലം സെന്റിന് 450 രൂപവച്ച് കഴിഞ്ഞ ഗവൺമെന്റ് വിറ്റു. ജാതി–മത–വർഗ്ഗീയ ശക്തികളെ കൂട്ടുപിടിച്ച് അധികാരത്തിൽ കയറിയ യു.ഡി.എഫ്. സർക്കാർ, തങ്ങളുടെ നയങ്ങളിൽ ചില പാർട്ടികൾ വിയോജിപ്പ് പ്രകടിപ്പിച്ചപ്പോൾ അവരെ തീവ്രവാദികളായി മുദ്രകുത്തി. യു.ഡി.എഫ് . സർക്കാരിന്റെ കാലത്ത് ഉല്പാദനമേഖല സ്തംഭിപ്പിച്ച് ചെറുതും വലുതുമായ വ്യവസായ ശാലകൾ അടച്ചുപൂട്ടിയതുകൊണ്ട് 86,000–ത്തോളം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടു. പുതുതായി ഒരാൾക്കുപോലും തൊഴിൽ കൊടുക്കാൻ മുൻ സർക്കാരിന് സാധിച്ചില്ല. കഞ്ചിക്കോടുള്ള ഏതാണ്ട് 42 സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതിലൂടെ തൊഴിൽ നഷ്ടപ്പെട്ട 12,000–ത്തോളം ആളുകൾ ഇന്ന് വൃക്ക വിറ്റ് ജീവിക്കുകയാണ്. ഗ്രനേഡ് തുടങ്ങിയ ആയുധങ്ങൾ പോലീസുകാർക്ക് ലഭ്യമാക്കിക്കൊടുത്തത് യു.ഡി.എഫ്. സർക്കാരാണ്. സ്വാശ്രയ മേഖലയിലെ മാനേജ്മെന്റിനെ നിലയ്ക്കുനിർത്താനുള്ള നയമാണ് എൽ.ഡി.എഫ്–ന്റേത്. സർക്കാർ സർവ്വീസിൽ ഒഴിഞ്ഞുകിടന്നിരുന്ന

എഴുപത്തയ്യായിരത്തോളം തസ്തികകളിൽ നിയമനം നടത്തിയിരുന്നെങ്കിൽ 7500 എണ്ണം പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിനും 8500 എണ്ണം മുസ്ലിം സമുദായത്തിനും ലഭിക്കുമായിരുന്നു. അങ്ങനെ ചെയ്യാതെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയാൽ വളരെയധികം തസ്തികകളിൽ നിയമനം ലഭിക്കുമെന്ന് പറഞ്ഞ് യു.ഡി.എഫ്. ഒരു വിഭാഗം ജനങ്ങളെ വഞ്ചിക്കുകയായിരുന്നു. കാർഷികമേഖല രൂക്ഷമായ പ്രതിസന്ധി നേരിടുകയായിരുന്നു. നെല്ല്, തേങ്ങ, കുരുമുളക്, അടയ്ക്ക തുടങ്ങിയ കാർഷികോൽപ്പന്നങ്ങളുടെ വില പിടിച്ചുനിറുത്താൻ യു.ഡി.എഫ്. സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. അധികാരത്തിൽ വന്ന് ഒരുമാസം കൊണ്ട് എൽ.ഡി.എഫ്. എന്തുചെയ്തു എന്നാണ് ഇപ്പോൾ ചോദിക്കുന്നത്. ഐക്യജനാധിപത്യമുന്നണിയുടെ ജനദ്രോഹ നയങ്ങളിൽ മനംമടുത്ത ജനങ്ങൾ ഏതാണ്ട് എട്ടുലക്ഷത്തിലധികം ഭൂരിപക്ഷം നൽകി എൽ.ഡി.എഫ്–നെ അധികാരത്തിലെത്തിച്ചത് പുതിയ നയങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടിയാണ്. ഈ സർക്കാർ അത് നടപ്പാക്കുകതന്നെ ചെയ്യും. ജനങ്ങളുടെ ഇച്ഛാശക്തിക്കുമുമ്പിൽ പണത്തിന്റെ സ്വാധീനം പരാജയപ്പെട്ടതിന് തെളിവാണ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ജയം. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതിലൂടെ ഐശ്വര്യപൂർണ്ണമായ കേരളം കെട്ടിപ്പടുക്കാൻ കഴിയും.

<u>ശ്രീ. എം. ഉമ്മർ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ പുതുതായി ഒന്നും പറഞ്ഞിട്ടില്ല. ന്യൂനപക്ഷങ്ങൾക്കുവേണ്ടി ക്രിയാത്മകമായി പ്രതികരിക്കാൻ ഗവൺമെന്റ് ശ്രമിച്ചിട്ടില്ല. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ന്യൂനതകൾ ചൂണ്ടിക്കാണിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി നയപ്രഖ്യാപനപ്രസംഗത്തിൽ അതിനെക്കുറിച്ച് യാതൊന്നും

പറയുന്നില്ല. അംഗീകാരം ഇല്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് മുമ്പായി സർക്കാർ സ്കൂളുകളുടെ സ്ഥിതി മെച്ചപ്പെടുത്തണം. കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടത് ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു സ്കൂളും പൂട്ടരുത്. മെഡിക്കൽ യൂണിവേഴ്സിറ്റി ആരംഭിക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നുണ്ട്. ആയ്യുർവേദം കേരളത്തെ സംബന്ധിച്ച് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്നത് കണക്കിലെടുത്ത് കോട്ടയ്ക്കലിൽ ഒരു ആയുർവേദ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കണം. തടയണകൾ നിർമ്മിക്കണം. സർക്കാർ ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തണം. ജില്ലാ ആശുപത്രികളെ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തുകൊണ്ട് ഉത്തരവാദിത്വത്തിൽനിന്നും സർക്കാർ ഒഴിഞ്ഞുമാറുന്നത് ശരിയല്ല; അവ നല്ല രീതിയിൽ പ്രവർത്തിക്കാനാവശ്യമായ ബഡ്ജറ്ററി സപ്പോർട്ട് കൊടുക്കണം. തദ്ദേശ സ്വയംഭരണ വകുപ്പും തദ്ദേശ ഭരണ സ്ഥാപനങ്ങളും ഒരുമിച്ച് പ്രവർത്തിക്കണം. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ ഭംഗിയായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം.

<u>ശ്രീ. ബാബു പോൾ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഒട്ടേറെ പ്രത്യേകതകളുള്ള ഒരു തെരഞ്ഞെടുപ്പാണ് ഇപ്പോൾ നടന്നത്. ഈ നയ പ്രഖ്യാപന പ്രസംഗം ജനങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണ്. കഴിഞ്ഞ അഞ്ച് വർഷമായി ഏറെ അവഗണന നേരിടേണ്ടിവന്ന ജനവിഭാഗങ്ങൾക്ക് ക്ഷേമം ഉറപ്പുവരുത്തുന്ന പദ്ധതികൾ ഈ നയപ്രഖ്യാപന പ്രസംഗത്തിലുണ്ട്. കേരളത്തെ സമഗ്രമായ വികസനത്തിലേയ്ക്കും ഐശ്വര്യത്തിലേയ്ക്കും തിരിച്ചുകൊണ്ടുവരാൻ എൽ.ഡി.എഫ്. ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. സമ്പ

ന്നവർഗ്ഗത്തിന്റെ താല്പര്യങ്ങൾമാത്രം സംരക്ഷിക്കുന്ന ഗവണ്മെന്റായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ്. ഖജനാവ് കാലിയാണെന്നും കേരളം കടക്കെണി യിലാണെന്നുമുള്ള സൂചനയാണ് നയപ്രഖ്യപനത്തിൽ കാണുന്നത്. ഇത് ഗൗരവം അർഹിക്കുന്ന വിഷയമാണ്. ശമ്പളപരിഷ്കരണംമൂലമുള്ള അധിക ബാദ്ധ്യത, കിലോഗ്രാമിന് 3 രൂപവച്ച് അരി കൊടുക്കുന്നതിന് വേണ്ടിവരുന്ന തുക, ക്ഷേമ പെൻഷനുകളുടെ കുടിശ്ശികത്തുക എന്നിവയ്ക്ക് അടിയന്തിര മായി 2,000 കോടി രൂപ കണ്ടെത്തണമെന്ന ആവശ്യം ഖജനാവിന്റെ അവ സ്ഥയെ വെളിപ്പെടുത്തുന്നു. അഞ്ച് വർഷംകൊണ്ട് ഇരുപത്തിരണ്ടായിരം കോടി രൂപ കടം വരുത്തിവച്ച ഗവൺമെന്റാണ് ഇവിടെ ഭരിച്ചിരുന്നത്. ഇപ്പോൾ കേരളത്തിന്റെ പൊതുക്കടം 45,000 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. ഇതുമൂലം വായ്പാപരിധി 2,000 കോടി രൂപയായി കേന്ദ്ര ഗവൺമെന്റ് ഏകപക്ഷീയമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. സാമ്പത്തികസ്ഥിതി മോശമായിട്ടും കേരളത്തിന്റെ സമഗ്രമായ വികസനവുമായി മുന്നോട്ടുപോകുമെന്ന പ്രഖ്യാപനം ഈ ഗവൺമെന്റിന് ജനങ്ങളോടുള്ള പ്രതിബദ്ധതയെയാണ് കാണിക്കുന്നത്. കർഷകത്തൊഴിലാ ളികൾ, മറ്റ് ദുർബല ജനവിഭാഗങ്ങൾ എന്നിവർക്ക് കൊടുത്തുതീർക്കാനുള്ള ക്ഷേമ പെൻഷൻ കുടിശ്ശികകൾ കൊടുത്തുതീർക്കുമെന്നും പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് മുൻഗണന നൽകുമെന്നും പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുമെന്നും പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, വനസംരക്ഷണം, ടൂറിസം വികസനം തുടങ്ങിയ മേഖലകളിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നയം അഭിനന്ദനാർഹമാണ്. കാർഷിക വായ്പകൾ എഴുതിത്തള്ളുമെന്ന പ്രഖ്യാപനം, പലിശ ലഘൂകരിക്കൽ, ഒറ്റത്തവണ തീർപ്പാക്കൽ, വായ്പയുടെ

പുന:ക്രമീകരണം മുതലായ നടപടികൾക്കായി ധനകാര്യ സ്ഥാപനങ്ങളുമായി ഈ ഗവൺമെന്റ് നടത്തിയ ചർച്ചകളും തീരുമാനങ്ങളും കാർഷിക മേഖലയ്ക്ക് പുതിയ ഉണർവ് നൽകുന്നുണ്ട്. സഹകരണ മേഖലയിൽ സ്വയം സഹായ സഹകരണസംഘങ്ങൾ വ്യാപിപ്പിക്കാനും കൃഷിയിലധിഷ്ഠിതമായ വ്യവസായങ്ങൾ വ്യാപകമായി തുടങ്ങാനുമുള്ള നടപടിയുണ്ടാകണം. പൊതുജീവിതത്തിൽ സുതാര്യതയും സത്യനിഷ്ഠയും ഉയർത്തിപ്പിടിക്കുന്ന അഴിമതിരഹിത ഗവൺമെന്റായിരിക്കും ഇത് എന്ന ഉറച്ച വിശ്വാസം ജനങ്ങൾക്കുണ്ട്. ക്രമസമാധാനപാലനത്തിലൂടെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുമെന്ന ഉറപ്പ് ജനങ്ങളിൽ സുരക്ഷിതത്വ ബോധം സൃഷ്ടിക്കാൻ വഴിയൊരുക്കിയിട്ടുണ്ട്. മാഫിയ സംഘങ്ങളെ അടിച്ചമർത്താനുള്ള തീരുമാനവും സ്ത്രീകൾക്ക് സംരക്ഷണം നൽകുമെന്ന ദൃഢനിശ്ചയവും കഴിഞ്ഞ അഞ്ച് വർഷമായി നിലനിൽക്കുന്ന അവസ്ഥയിൽനിന്നുമുള്ള മാറ്റത്തിന്റെ ഉറച്ച കാൽവയ്പ്പായി കാണാൻ കഴിയും. കേരളത്തിന്റെ സമസ്ത മേഖലകളിലും ഒരു പുത്തനുണർവും ആവേശവും നൽകുന്ന നയപ്രഖ്യാപനമാണിത്.

<u>ശ്രീ. കെ.എം.മാണി</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവൺമെന്റിന്റെ പ്രഖ്യാപിത നയത്തെ സംബന്ധിച്ചുള്ള പ്രസ്താവനയാണ് നയപ്രഖ്യാപന ത്തിൽ പറയാറുള്ളത്. എന്നാൽ അതിന് വിപരീതമായി മന്ത്രിമാർ പ്രസ്സ് ക്ലബിൽ മുഖാമുഖം പരിപാടികളിൽ പ്രഖ്യാപിച്ച കാര്യങ്ങളാണ് ഈ നയപ്രഖ്യാപനത്തിലുള്ളത്. അഴിമതിരഹിത ഗവൺമെന്റിനെ വാർത്തെടുക്കു മെന്ന് പറയുന്നുണ്ടെങ്കിലും അതിനുള്ള ഇച്ഛാശക്തി ഈ ഗവൺമെന്റിനി ല്ലെന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. മൈത്രി ഭവന പദ്ധതിയിൽ നടന്ന അഴിമതിക്ക് ഡോക്ക്യുമെന്ററി എവിഡൻസ് വച്ചിട്ടുപോലും ഒരു സമഗ്ര

അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഈ വിഷയം പി.എ.സി. പരിശോധിച്ചപ്പോൾ ഡൈവർഷൻ നടത്തിയ ആളുകളെ കണ്ടു പിടിച്ച് അവരിൽനിന്ന് തുക തിരിച്ചുപിടിച്ച്, അവരെ ശിക്ഷിക്കണമെന്ന് ശുപാർശ ചെയ്തതാണ്. പി.എ.സി.യുടെ റെക്കമെന്റേഷൻ കൂടാതെ സ്പെഷ്യൽ ആഡിറ്റിലും ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് നടത്തിയ പരിശോധനയിലും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുപോലും മൈത്രി ഭവന നിർമ്മാണ പദ്ധതിയിൽ ക്രമക്കേട് നടന്നതായി പറഞ്ഞിട്ടുണ്ട്. ഈ അഴിമതിയെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്നാണ് ബന്ധ പ്പെട്ട ഡിപ്പാർട്ടുമെന്റ് പറഞ്ഞത്. ഇതെല്ലാം ഉണ്ടായിട്ടും അന്വേഷണ ത്തിൽനിന്നും ഗവൺമെന്റ് ഒളിച്ചോടുകയാണ് ചെയ്തത്. തുക വക മാറ്റിയിട്ടുണ്ടോ, വക മാറ്റിയതിൽ നഷ്ടം വന്നിട്ടുണ്ടോ; മിസ്അപ്രോപ്രിയേഷൻ നടന്നിട്ടുണ്ടോ എന്നുള്ളതാണ് ഇവിടത്തെ ഇഷ്യൂ. വകമാറ്റി ചെലവ് ചെയ്തത് നല്ല കാര്യങ്ങൾക്കാണെന്ന് ഹൗസിംഗ് ബോർഡിനെ അറിയിച്ചിട്ടുണ്ട് എന്നാണ് മന്ത്രി പറയുന്നത്. ഹൗസിംഗ് ബോർഡ് ചെയർമാൻതന്നെ മിസ്അപ്രോപ്രിയേഷൻ നടന്നു എന്ന് സമ്മതിച്ചി ട്ടുണ്ട്. അത് താഴത്തെ ലെവലിൽ വേണമെങ്കിലും ആകാം. എന്നാൽ അത് അന്വേഷിക്കേണ്ടത് ഗവൺമെന്റിന്റെ ചുമതലയാണ്. ഇത്രയും തെളിവുകൾ ഉണ്ടായിരുന്നിട്ടും ഒരു നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷണം നടത്തു മെന്നുമാത്രം പറഞ്ഞ് ജനങ്ങളോടുള്ള ഉത്തരവാദിത്വത്തിൽനിന്ന് ഒളിച്ചോടിയ ഈ സർക്കാരിനോട് പുച്ഛം തോന്നുകയാണ്. തെളിവെടുപ്പിന്റെ അടിസ്ഥാന ത്തിൽ മൈത്രി ഭവന നിർമ്മാണ പദ്ധതിയിൽ വക മാറ്റി ചെലവഴിച്ച തുക തിരിച്ചുപിടിക്കണമെന്നും വിജിലൻസ് അന്വേഷണം വേണമെന്നുമാണ് പി.എ.സി. ശുപാർശ ചെയ്തത്. പി.എ.സി. അഴിമതി നടന്നുവെന്നു പറഞ്ഞ

കേസ് വേറൊരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നു പറയുന്നതിൽ എന്ത് പ്രൊപ്രൈറ്റിയാണുള്ളത്. പി.എ.സി. ആവശ്യപ്പെട്ടതനു സരിച്ചാണ് ഒരു സ്പെഷ്യൽ ആഡിറ്റ് വിംഗിനെകൊണ്ട് ഇക്കാര്യം അന്വേഷി പ്പിച്ചത്. മൈത്രി ഭവന നിർമ്മാണ പദ്ധതിയെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് പകരം 1991–മുതലുള്ള ഹൗസിംഗ് ബോർഡിന്റെ ഇടപാടുകളെക്കുറിച്ച് അന്വേഷിക്കണമെന്നു പറയുന്നത് അതിൽ നിന്നും ശ്രദ്ധ തിരിച്ചുവിടുന്നതിനുവേണ്ടിയാണ്. 1997–ൽ ഗവൺമെന്റ് ഇറക്കിയ ജി.ഒ. ലംഘിച്ച് വകമാറി ചെലവ് ചെയ്തതുകാരണം 800 കോടിയോളം രൂപ ഹൗസിംഗ് ബോർഡ് ഹഡ്ക്കോയ്ക്ക് അടച്ചുതീർക്കേണ്ടിയിരിക്കുന്നു. ഈ നഷ്ടം കുറ്റക്കാരിൽനിന്ന് തിരിച്ചുപിടിക്കണമെന്നാണ് പി.എ.സി. പറഞ്ഞത്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണം.

<u>ശ്രീ.എം.കെ.പ്രേംനാഥ്:</u> നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ വികസന നയരേഖയാണ് ഈ നയപ്രഖ്യാപന പ്രസംഗം. ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന ഒട്ടനവധി നിർദ്ദേശങ്ങളുണ്ട്. കോഴിക്കോടുള്ള സോപ്സ് ആന്റ് ഓയിൽസും സ്റ്റീൽ കോംപ്ളക്സും മാവൂർ ഗ്വാളിയോർ റയോൺസും തുറന്ന് പ്രവർത്തിപ്പിക്കുമെന്ന പ്രഖ്യാപനവും ഐ.ടി. രംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങളുടെ ഫലമായി രണ്ടുലക്ഷത്തോളം ആളുകൾക്ക് സഹായം നൽകാനുള്ള പ്രഖ്യാപനവും ടൂറിസം മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രഖ്യാപനവും സ്വാഗതാർഹമാണ്. ഒൺ–ടൈം സെറ്റിൽമെന്റിന്റെ ഫലമായി കേരളത്തിലെ ഒട്ടനവധി സഹകരണ സംഘങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ച് സർക്കാർ പരിശോധിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്യണം.

സ്വകാര്യ പണമിടപാടുകൾ നിയന്ത്രിക്കുന്നതിന് കമ്മീഷനെ നിയമിക്കുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. കാർഷിക മേഖലയിലും ഒട്ടനവധി പ്രഖ്യാപനങ്ങൾ നൽകിയിട്ടുണ്ട്. ഹാന്റ്ലൂം രംഗത്തുണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. തീരദേശവാസികൾക്ക് ചികിൽസാ സൗകര്യങ്ങൾ അടക്കമുള്ള സഹായങ്ങൾ നൽകാൻ സർക്കാർ മുൻകൈയെടുക്കണം. പുതിയ മെഡിക്കൽ യൂണിവേഴ്സിറ്റി സംസ്ഥാനത്ത് രൂപീകൃതമാകുമ്പോൾ അത് കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. കോഴിക്കോട്ടും തിരുവനന്തപുരത്തും ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണം.

<u>ശ്രീ.റ്റി.യു.കുരുവിള::</u> നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. മൈത്രി ഭവന പദ്ധതിയുടെ പേരിൽ പണം വകമാറ്റി ചെലവഴിച്ചുവെന്ന ആരോപണമുന്നയിക്കുന്നത് വസ്തുതകൾക്ക് നിരക്കാത്തതാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉണ്ടാക്കിയ കടബാദ്ധ്യത എൽ.ഡി.എഫ്.ന്റെ മേൽ കെട്ടിവയ്ക്കുന്ന നയസമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്.

<u>ശ്രീ. കെ. കെ. ഷാജു</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ അഞ്ച് വർഷം കേരളം ഭരിച്ച ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് പ്രധാനപ്പെട്ട കാർഷിക വിളകൾക്ക് നല്ല വില ലഭിച്ചത്. മൈത്രി ഭവന പദ്ധതിയനുസരിച്ച് വീട് നൽകിയിട്ട് പൂർത്തിയാക്കാൻ കഴിയാതെ അനാഥരായ കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള ഉത്തരവാദിത്വംകൂടി ബന്ധപ്പെട്ട വകുപ്പുമന്ത്രി ഏറ്റെടുക്കണം. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഒരു പദ്ധതിയും ഗവർണ്ണറുടെ

പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല. .കേരളത്തിലെ ജനങ്ങൾക്ക് ഉപകാരപ്രദമല്ലാത്ത ഒരു നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ നടത്തിയിട്ടുള്ളത്.

ശ്രീ.സി.കെ.സദാശിവൻ :നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. കടക്കെണിയിലകപ്പെട്ട കേരളത്തെ സമ്പൂർണ്ണ തകർച്ചയിൽനിന്ന് രക്ഷിക്കാൻ ഒട്ടേറെ നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളുമുള്ള സർവ്വതല സ്പർശിയായ നയപ്രഖ്യാപന പ്രസംഗമാണ് കേരളാ ഗവർണ്ണർ അവതരിപ്പിച്ചിട്ടുള്ളത്. സാമൂഹ്യ നീതിയും സമഗ്ര വികസനവും ലക്ഷ്യമാക്കി ശാന്തിയും സമാധാനവും അഴിമതിരഹിതവുമായ ഒരു കേരളം കെട്ടിപ്പടുക്കുമെന്ന് പ്രഖ്യാപിക്കാൻ അതിലൂടെ കഴിഞ്ഞിരിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗത്തെ കേരള ജനത സഹർഷം സ്വാഗതം ചെയ്തിരിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ പെൻഷൻ ഇനങ്ങളിലായി കൊടുക്കാനുണ്ടായിരുന്ന ഒരു വർഷത്തെ കുടിശ്ശിക ഒറ്റ ഗഡുവായി കൊടുക്കാൻ തീരുമാനമെടുക്കുകയും അത് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുകയുമാണ്. കടക്കെണിയിലകപ്പെട്ട് ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങളെ രക്ഷിക്കാനുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. പ്രകൃതിദുരന്തത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിനുവേണ്ടി മന്ത്രിമാർ എല്ലാ ജില്ലകളിലുമെത്തി സഹായങ്ങൾ നൽകി. യു.ഡി.എഫ്. ഗവൺമെന്റ് വാഗ്ദാന ലംഘനമാണ് നടത്തിയിട്ടുള്ളത്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് 2000 മെഗാവാട്ട് അധിക വൈദ്യുതി ഉൽപ്പാദിപ്പിക്കുമെന്ന് പറഞ്ഞിരുന്ന സ്ഥാനത്ത് 70 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഉൽപ്പാദിപ്പിച്ചിട്ടുള്ളത്. 15 ലക്ഷത്തോളം യുവതി-യുവാക്കൾക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന

യു.ഡി.എഫ്. ഗവൺമെന്റ് തൊഴിൽ നിരോധന ഉത്തരവാണ് ഇറക്കിയിട്ടുള്ളത്. 75,000 തസ്തികകൾ റദ്ദ് ചെയ്തു. ഗവൺമെന്റ് ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളം കവർന്നെടുത്തു. കൃഷിക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പാക്കേജുകൾ പ്രഖ്യാപിച്ചതല്ലാതെ അവർക്ക് ഒരു പ്രയോജനവുമുണ്ടായിട്ടില്ല. കാർഷിക മേഖല പുന:സംഘടിപ്പിക്കുന്നതിനുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ ഈ നയപ്രഖ്യാപനത്തിൽ ഉണ്ട്. നെൽപ്പാടങ്ങളുടെ വിസ്തൃതി ക്രമാതീതമായി ചുരുങ്ങിയിരിക്കുന്നു. നെൽപ്പാടം നികത്തുന്നതിലൂടെ ഭക്ഷ്യോൽപ്പാദനം കുറയുക മാത്രമല്ല പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ആശുപത്രികൾ പുനഃസംഘടിപ്പിക്കുമെന്നുള്ള എൽ.ഡി.എഫ്-ന്റെ പ്രഖ്യാപനം ആശുപത്രികളിൽ പ്രതിഫലനം സൃഷ്ടിച്ചിട്ടുണ്ട്. പാവപ്പെട്ട കുട്ടികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് എത്തിപ്പിടിക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടായിരുന്നത്. സ്വാശ്രയ മാനേജുമെന്റിന് എന്തും ചെയ്യാമെന്ന അവസ്ഥയായിരുന്നു കഴിഞ്ഞ അഞ്ചുവർഷം ഉണ്ടായിരുന്നത്. അതിന് മാറ്റം വരാൻ പോകുന്നു. വിദ്യാഭ്യാസമേഖലയിൽ നടന്ന അഴിഞ്ഞാട്ടത്തിനെതിരെ പ്രതിഷേധിച്ച് പ്രകടനം നടത്തിയ വിദ്യാർത്ഥികളെ പോലീസിനെക്കൊണ്ട് ക്രൂരമായി തല്ലിച്ചതയ്ക്കുകയും കള്ളക്കേസിൽ കുടുക്കി തുറുങ്കിലടയ്ക്കുകയും ചെയ്ത യു.ഡി.എഫ്-ന് നീതിന്യായത്തെക്കുറിച്ച് പറയാൻ യോഗ്യതയില്ല. മൈത്രി ഭവന നിർമ്മാണ പദ്ധതിയെ സംബന്ധിച്ച മുഖ്യമന്ത്രിയുടെ നിർദ്ദേശം പ്രതിപക്ഷം അംഗീകരിച്ചതിനുശേഷം പിന്നീട് നിലപാട് മാറ്റുകയാണ് ചെയ്തത്.

<u>ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ജീവൽപ്രധാനമായ പ്രശ്നങ്ങളെ സമഗ്രമായി

വിലയിരുത്താനും അതിന് പരിഹാരം കണ്ടെത്താനുമുള്ള നിർദ്ദേശങ്ങളടങ്ങിയ ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് നയപ്രഖ്യാപനത്തിലുള്ളത്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണ ജീർണ്ണതകളെ നിർമ്മാർജ്ജനം ചെയ്യാനുള്ള സാഹസികമായ യജ്ഞമാണ് ഗവണ്മെന്റിൽ നിക്ഷിപ്തമായിട്ടുള്ളത്. അഴിമതിയുടെ ധാരാളിത്തവും സാമ്പത്തിക അരാജകത്വവും ക്രമസമാധാന തകർച്ചയുംകൊണ്ട് കേരളത്തിലെ ജനജീവിതം താറുമാറായ അവസ്ഥയിലായിരുന്നു. ഇതിൽനിന്ന് മോചനം ആഗ്രഹിച്ചവർക്ക് അത്തരത്തിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കാനുള്ള ബാദ്ധ്യത എൽ.ഡി.എഫ്. സർക്കാരിൽ നിക്ഷിപ്തമാണ്. കേന്ദ്ര–സംസ്ഥാന ബന്ധങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ ഉൾപ്പെടെ ഇന്ന് സ്വീകരിച്ചിട്ടുള്ള ആഗോളവൽക്കരണത്തിന്റേയും സ്വകാര്യവൽക്കരണത്തിന്റേയും മാരകമായ ആഘാതപ്രത്യാഘാതങ്ങളുൾപ്പെടെ നയപ്രഖ്യാപനത്തിൽ വിശദീകരിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണം പുനരുജ്ജീവിപ്പിക്കാനും പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്ന് കരകയറ്റാനുമുള്ള നിർദ്ദേശങ്ങൾ നയപ്രഖ്യാപനത്തിലുണ്ട്. കശുവണ്ടി, കയർ, കൈത്തറി, ബീഡി മേഖലകളുടെ വികസനത്തോടൊപ്പം ദിനേശ് ബീഡി സഹകരണ സംഘത്തിൽ പണിയെടുക്കുന്ന 40,000 തൊഴിലാളി കുടുംബങ്ങൾ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാൻ സന്നദ്ധമാകുമെന്നതും ശ്രദ്ധേയമാണ്. കൈത്തറി മേഖലയിൽ ഉൽപ്പാദനവും ആധുനികവൽക്കരണവും വൈവിദ്ധ്യവൽക്കരണവും ഉണ്ടാകുമെന്നുള്ള നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഫോറിൻ മാർക്കറ്റ് കണ്ടുപിടിക്കുന്നതിനാവശ്യമായ നിർദ്ദേശം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. 11–ാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണ

ത്തിൽ കേരളത്തിന്റെ വെള്ളപ്പൊക്കക്കെടുതികൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രധാന പ്രശ്നങ്ങൾ അവതരിപ്പിക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകണം. കടലാക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വേണ്ടരീതിയിൽ ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. കടലാക്രമണം ഒരു ദേശീയ ദുരന്തമായി കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനമെടുക്കണം. 2000–2001–ൽ 23,919 കോടി രൂപയായിരുന്ന കടബാദ്ധ്യത 2005–06–ൽ 45,637 കോടി രൂപയായത് സാമ്പത്തിക അരാജകത്വം വെളിവാക്കുന്നു. സാമ്പത്തിക പ്രയാസങ്ങളെ അതിജീവിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീവ്രയജ്ഞപരിപാടി ആവിഷ്ക്കരിക്കേണ്ടതുണ്ട്. നിലവിലുള്ള പ്രകൃതിവിഭവം സമാഹരിക്കുന്ന കാര്യത്തിൽ പുതിയ നിലപാട് സ്വീകരിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനവും നാഷണൽ അർബൻ ഡെവലപ്മെന്റിന്റെ സാദ്ധ്യതകളും സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി പ്രത്യേകമായ പദ്ധതികളും പ്രവർത്തന പരിപാടികളും ആരംഭിക്കുമെന്ന നിർദ്ദേശവും സ്വാഗതാർഹമാണ്. സംസ്ഥാനം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വിട്ടുവിഴ്ചയില്ലാത്ത സമീപനം സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകണം. കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടായ ഭരണ പരാജയങ്ങളുടെ പശ്ചാത്തലംകൂടി കണക്കിലെടുത്തുകൊണ്ട് ഒരു പുതിയ പാതയിലേയ്ക്ക് ശ്രദ്ധപതിപ്പിക്കുമെന്ന സർക്കാരിന്റെ നിലപാട് ശ്ലാഘനീയമാണ്.

<u>ശ്രീ.പി.വിശ്വൻ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിലെ ഓരോ വ്യക്തിയുടെയും ഭൗതികവളർച്ച ഉറപ്പുവരുത്താനുതകുന്ന രൂപത്തിൽ

വ്യാവസായിക മേഖലകളെ മാറ്റാനുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് നയപ്രഖ്യാപനത്തിലൂടെ പ്രകടമാകുന്നത്. മൽസ്യത്തൊഴിലാളികളുൾപ്പെടെ യുള്ള കേരളത്തിലെ ജനങ്ങളെ സഹായിക്കാൻ നിരവധി പരിപാടികൾക്ക് ഗവണ്മെന്റ് നേതൃത്വം കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കേരളത്തിൽ നാളികേരത്തിന്റെ ഉൽപ്പാദനത്തിൽ കുറവ് വന്നിരിക്കുന്നു. കുരുമുളകിന് വില കുറഞ്ഞിരിക്കുന്നു. വയനാട്ടിലും മറ്റും കടക്കെണിമൂലം ആത്മഹത്യചെയ്ത കൃഷിക്കാരുടെ കുടുംബങ്ങളെ സഹായിക്കാനുള്ള നടപടികളൊന്നും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഭക്ഷ്യോൽപ്പാദനത്തിലും കുറവ് വന്നിരിക്കുന്നു. കേരളത്തിലെ പൊതുവിതരണശൃംഖല മെച്ച പ്പെടുത്താനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. 1996 മുതൽ 2001 വരെ കേരളത്തിൽ പി.എസ്.സി. വഴിയുള്ള നിയമനം 1,36,000 ആയിരുന്നു വെങ്കിൽ 2001–2006 വരെ കാൽലക്ഷം പേർക്കുപോലും നിയമനം കൊടു ക്കാൻ ആ ഗവണ്മെന്റിന് കഴിഞ്ഞില്ല. തൊഴിലില്ലായ്മ പരിഹരിക്കാനും കാർഷിക മേഖലയെയും വ്യാവസായിക മേഖലയെയും പരമ്പരാഗത വ്യവസായ മേഖലയേയും വിപുലപ്പെടുത്താനുമുള്ള നിർദ്ദേശങ്ങൾ നയപ്രഖ്യാപന പ്രസംഗത്തിലുണ്ട്. നാടിന്റെ സമ്പത്തായ കുട്ടികളെ രക്ഷിക്കുന്നതിന് ചൈൽഡ് ലൈൻ സർവ്വീസുകൾ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുമെന്നുള്ള പ്രഖ്യാപനം സന്തോഷപ്രദമാണ്. ഉച്ചഭക്ഷണം, വിദ്യാഭ്യാസരംഗത്തുള്ള മാറ്റം, ഊർജ്ജരംഗത്തുള്ള കുതിച്ചുകയറ്റം തുടങ്ങിയ കാര്യങ്ങളിൽ ഈ സർക്കാർ എടുത്തിട്ടുള്ള നടപടികൾ ഓരോ വ്യക്തിയു ടേയും ഭൗതിക വളർച്ച ഉറപ്പുവരുത്താനുതകുന്നതായതുകൊണ്ട് എല്ലാ ഭാഗ ത്തുനിന്നുമുള്ളവർ ഇതിനെ അനുകൂലിക്കും.

<u>ശ്രീ.വി.ശശികുമാർ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വസ്തു നിഷ്ഠയോടും യാഥാർത്ഥ്യബോധത്തോടും ദീർഘവീക്ഷണത്തോടുംകൂടി യുള്ള കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച സമീപനമാണ് ഈ നയ പ്രഖ്യാപന പ്രസംഗത്തിലുള്ളത്. ആഗോളവൽക്കരണത്തിന്റെ ചട്ടക്കൂട്, കേന്ദ്ര സംസ്ഥാന ബന്ധങ്ങളുടെ പ്രതിലോമപരമായിട്ടുള്ള സാഹചര്യം എന്നീ പ്രധാനപ്പെട്ട കാര്യങ്ങൾ നയപ്രഖ്യാപനരേഖയിലുണ്ട്. ആഗോള വൽക്കരണ നയത്തിന്റെ പൊതുചട്ടക്കൂടിൽ നിൽക്കുമ്പോൾത്തന്നെ കേരള മോഡൽ വികസനത്തെ സംരക്ഷിച്ച് എങ്ങനെ മുന്നോട്ടുപോകാമെന്നുള്ള ദിശാബോധം നയപ്രഖ്യാപന പ്രസംഗത്തിലുണ്ട്. കടക്കെണിയിലായ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ വസ്തുനിഷ്ഠമായി വിലയിരുത്തി ക്കൊണ്ടുള്ള പ്രസംഗമാണ് ഗവർണ്ണറുടേത്. മുൻ ഗവണ്മെന്റുകൾ സാമ്പത്തികഭാരം മുഴുവൻ ജനങ്ങളുടെമേൽ കെട്ടിവയ്ക്കുകയും സമ്പന്നന്മാരുടെ താൽപ്പര്യം മാത്രം നോക്കുകയും ചെയ്തിരുന്നുവങ്കിൽ അതിൽനിന്ന് വ്യത്യസ്തമായി ജനങ്ങളുടെ താൽപ്പര്യങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള നയമാണ് ഈ ഗവണ്മെന്റിന്റേത്. സാമൂഹ്യനീതി ഉറപ്പുവരുത്താൻ ഗവണ്മെന്റ് ശ്രമിക്കുമെന്നുള്ള സൂചന ഗവർണ്ണറുടെ പ്രസംഗത്തിലുണ്ട്. ആഗോളവൽക്കരണ നയം വരുത്തിവച്ച ദുരന്തങ്ങൾ പരിഹരിക്കാനാണ് ഈ ഗവണ്മെന്റ് ശ്രമിക്കുന്നത്. പരമ്പരാഗത വ്യവസായ മേഖലയേയും പൊതുമേഖലാ സ്ഥാപനങ്ങളേയും സംരക്ഷിക്കാനാവശ്യ മായ നടപടി സ്വീകരിക്കും. കടക്കെണിയിലായിരിക്കുന്ന കെ.എസ്.ആർ.ടി.സി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള നിർദ്ദേശങ്ങൾ നയപ്രഖ്യാപനരേഖയിലുണ്ട്.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഗവർണ്ണറുടെ പ്രസംഗത്തിലെ കൊച്ചുകൊച്ചു സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള ചില നിർദ്ദേശങ്ങൾ മാത്രം മുന്നോട്ടുവയ്ക്കുകയാണ്. കേരളത്തിലെ ജലസ്രോതസ്സുകൾ മുഴുവൻ വിഷമയമായതിനാൽ പരിശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിനായി മഴവെള്ളം കുടിവെള്ളമാക്കി മാറ്റുന്നതിനുള്ള പരിപാടികളും നിയമങ്ങളും കൊണ്ടുവരത്തക്കവിധത്തിൽ ഒരു ജലനയം രൂപീകരിക്കണം. കേരളത്തിൽ ലാന്റ് യൂട്ടിലൈസേഷൻ നിർദ്ദേശങ്ങൾക്ക് വിപരീതമായി ആയിരക്കണക്കിന് ഏക്കർ പാടങ്ങളാണ് നികത്തുന്നത്. അതിനാൽ അത് റിപ്പീൽ ചെയ്ത് പരിസ്ഥിതി നിയമം കൊണ്ടുവരണം. ഇന്ന് നിലവിലുള്ള റിവർ സാന്റ് മൈനിംഗ് ആക്ടിൽ ധാരാളം കുറവുകൾ ഉള്ളതിനാൽ ഒരു ഭേദഗതിയിലൂടെ ഇതിനെ ഒരു ഫുൾപ്രൂഫ് നിയമമാക്കി മാറ്റണം. നിരോധിച്ചിട്ടുള്ള കീടനാശിനികൾ പലതും റീ–ലേബൽ ചെയ്ത് വിൽക്കുന്നതിലൂടെ കേരളം കീടനാശിനിയുടെ ഡമ്പിംഗ് ഗ്രൗണ്ടായി മാറിയിരിക്കുന്ന സാഹചര്യത്തിൽ നിയമം കൂടുതൽ കർക്കശമാക്കണം. കേരളത്തിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ കണ്ടുപിടിക്കണം. കാലഹരണപ്പെട്ട നിയമങ്ങൾ റിപ്പീൽ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നതിന്റെ അടിസ്ഥാന പ്രശ്നങ്ങൾ കണ്ടുപിടിച്ച് സ്ഥായിയായ പരിഹാരനടപടികൾ സ്വീകരിക്കണം. നിലവിലുള്ള ശ്രീചിത്രാ ആർട്ട് ഗ്യാലറിക്ക് കൂടുതൽ സൗകര്യങ്ങൾ നൽകി നിലനിർത്തണം.

<u>ശ്രീമതി പി. അയിഷാപോറ്റി</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള പല കാര്യങ്ങളും കഴിഞ്ഞ ഒരു മാസക്കാലംകൊണ്ടുതന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ

നടപ്പാക്കിയിട്ടുണ്ട്. കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകർ എടുത്ത കാർഷികകടങ്ങൾ എഴുതിത്തള്ളാനും കശുവണ്ടിത്തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക നൽകാനും പ്രകൃതിക്ഷോഭംമൂലം വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും ഈ ഗവൺമെന്റ് തീരുമാനമെടുത്തുകഴിഞ്ഞു. എന്നാൽ കഴിഞ്ഞ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് 2001-ൽ ഭരണം ഏറ്റെടുത്ത് ഏതാനും നാളുകൾക്കുള്ളിൽ വൈദ്യുതി ചാർജ്ജും ചികിൽസാ ചാർജ്ജും വർദ്ധിപ്പിച്ചുവെന്നുമാത്രമല്ല നിയമന നിരോധനം നടപ്പാക്കിയതുൾപ്പെടെ സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചതിനെത്തുടർന്ന് അവർക്ക് 32 ദിവസക്കാലം കക്ഷി രാഷ്ട്രീയ ഭേദമെന്യേ സമരം ചെയ്യേണ്ടിവന്നു. 2000-01-ലെ പൊതുക്കടം 23919 കോടി രൂപ ആയിരുന്നത് അഞ്ചുവർഷക്കാലംകൊണ്ട് 45637 കോടി രൂപയായി വർദ്ധിച്ചു. സമസ്ത മേഖലകളിലും ചാർജ്ജ് വർദ്ധിപ്പിച്ചതിനു പുറമേ സേവന വേതന മേഖലയിൽനിന്നും പിന്മാറുകയും ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുകയും ചെയ്തിട്ടുപോലും പൊതുക്കടം ഇത്രയും വർദ്ധിച്ചത് ആശങ്കയുണ്ടാക്കുന്ന കാര്യമാണ്. കാർഷിക മേഖലയുടെ വികസനത്തിന് കഴിഞ്ഞ ഗവൺമെന്റ് ധാരാളം പാക്കേജുകൾ പ്രഖ്യാപിച്ചെങ്കിലും ഒന്നും നടപ്പാക്കിയില്ല. പരമ്പരാഗത വ്യവസായത്തെ തകർച്ചയിലാക്കിയെന്നു മാത്രമല്ല കശുവണ്ടിത്തൊഴിലാളികൾക്ക് മിനിമംകൂലിക്കുവേണ്ടിയും കശുവണ്ടിയുടെ തൂക്കത്തിനുവേണ്ടിയും സമരം ചെയ്യേണ്ടതായും വന്നു. സ്വകാര്യ-സ്വാശ്രയ മാനേജുമെന്റുകൾ സാങ്കേതിക വിദ്യാഭ്യാസ മേഖലയെ കച്ചവട മന:സ്ഥിതിയോടെ കണ്ടപ്പോൾ അവരെ നിലയ്ക്കുനിർത്താനോ നിയന്ത്രിക്കാനോ യു.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചില്ല. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ധീരമായ

നിലപാടുകൾമൂലം 50 ശതമാനം സീറ്റ് ഗവൺമെന്റ് പറയുന്ന പ്രകാരം നൽകാൻ സ്വകാര്യ മാനേജുമെന്റുകൾ ഇപ്പോൾ തയ്യാറായി. ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റാണിത്. കർഷകരുടെ കടബാദ്ധ്യത ഏറ്റെടുത്തുകൊണ്ടുള്ള ആശ്വാസ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. സമൂഹത്തിലെ സമസ്ത മേഖലകളുടെയും വികസനം ലക്ഷ്യമാക്കി കേരളത്തിന്റെ മുഖച്ഛായ മാറ്റിയെടുക്കാൻ കഴിയുന്ന പദ്ധതികൾ ഈ നയപ്രഖ്യാപന പ്രസംഗത്തിലുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലെ സ്ത്രീകളുടെ അവസ്ഥ ദുരിതപൂർണ്ണമായിരുന്നു. വനിതാ കമ്മീഷന്റെ അംഗസംഖ്യ വെട്ടിച്ചുരുക്കി മൂന്നംഗ കമ്മീഷനാക്കി മാറ്റിയത് യു.ഡി.എഫ്. സർക്കാരാണ്. സ്ത്രീപീഡനം ഏറ്റവും കൂടുതലുണ്ടായ ഒരു കാലഘട്ടമായിരുന്നു അത്. എന്നാൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്ന ഒരു ഭരണമായിരിക്കും ഈ ഗവൺമെന്റ് കാഴ്ചവയ്ക്കാൻ പോകുന്നത്. കെ.എസ്.ആർ.ടി.സി.പോലുള്ള പൊതു മേഖലാ സ്ഥാപനങ്ങളെ ഉയർത്തിക്കൊണ്ടുവരാനുള്ള പ്രത്യേക പദ്ധതികൾ ഈ നയപ്രഖ്യാപന പ്രസംഗത്തിലുണ്ട്. കാർഷികമേഖലയെ സംരക്ഷിക്കുന്നതോടൊപ്പം പരിസ്ഥിതി സംരക്ഷണം, കുടിവെള്ളക്ഷാമം പരിഹരിക്കുന്ന പദ്ധതികൾ നടപ്പാക്കൽ തുടങ്ങിയവയും ഈ ഗവൺമെന്റിന്റെ ലക്ഷ്യങ്ങളാണ്. 1996–2001 കാലഘട്ടത്തിൽ അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സാമ്പത്തിക അധികാരങ്ങൾ നൽകി, ജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ട് ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയെങ്കിലും പിന്നീട് അധികാരത്തിൽവന്ന യു.ഡി.എഫ്. സർക്കാരിന്റെ നയംമൂലം ആ ലക്ഷ്യം പൂർത്തീകരിക്കാനായില്ല. പൊതുജന

പങ്കാളിത്തത്തോടെ ഈ രംഗത്ത് അനുയോജ്യമായ പദ്ധതികൾ നടപ്പാക്കാൻ ഈ ഗവൺമെന്റിന് സാധിക്കുമെന്ന് ഉറപ്പുണ്ട്. യുവാക്കളെ നശിപ്പിക്കുന്ന കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുടെ വിൽപ്പന തടഞ്ഞ് ഇവയുടെ ഉപയോഗം ഇല്ലാതാക്കുമെന്ന കർശന നിലപാട് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കൊച്ചുകുട്ടികളുടെ കയ്യിലെത്തുന്ന പാൻമസാല, തുളസി തുടങ്ങിയ ലഹരി വസ്തുക്കളും നിരോധിക്കണം. പെൺകുട്ടികൾക്ക് സ്വയരക്ഷക്കുവേണ്ടി പരിശീലനം നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. മണലൂറ്റും ചെളിവാരലും നിയന്ത്രിക്കണം. സുനാമി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി കഴിഞ്ഞ സർക്കാർ കാര്യമായ നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. സമസ്ത വിഭാഗം ജനങ്ങളുടെയും ഉയർച്ചയ്ക്കായി ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീ.കെ.സുധാകരൻ: നന്ദി പ്രമേയത്തെ എതിർക്കുന്നു. ബഹുമാനപ്പെട്ട ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗം നടത്തുന്നതിനുമുമ്പ് അതിൽ പറയുന്ന പദ്ധതികളെപ്പറ്റി വകുപ്പുമന്ത്രിമാർ പത്രസമ്മേളനം നടത്തി പ്രഖ്യാപിക്കുന്ന കീഴ്വഴക്കം ശരിയല്ല. പുതുമയുള്ള കാര്യങ്ങളൊന്നും ഈ നയപ്രഖ്യാപന ത്തിലില്ല; മിക്കതും നിലവിലുള്ള പദ്ധതികളാണ്. കേരളത്തിന്റെ നിലവിലുള്ള സാമ്പത്തികസ്ഥിതി ജനങ്ങളെ അറിയിക്കുന്നതിലേയ്ക്കായി ഒരു ധവളപത്രം പുറപ്പെടുവിക്കണം. ന്യൂനപക്ഷത്തോടുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ താൽപ്പര്യം എന്നുമുതലാണുണ്ടായതെന്ന് ജനങ്ങൾക്കറിയാം. ഇടതുപക്ഷ ജനാധിപത്യമുന്നണി പിന്തുടരുന്നത് വികസന വിരുദ്ധ നയങ്ങളാണ്. മുമ്പ് കമ്പ്യൂട്ടർവൽക്കരണത്തെ എൽ.ഡി.എഫ്. എതിർത്ത തിലൂടെ ഐ.റ്റി.മേഖലയിൽ നാം പതിനഞ്ചുവർഷം പുറകോട്ടുപോയി.

ഏതാണ്ട് 33000 പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന സ്മാർട്ട് സിറ്റി പ്രോജക്ട് കേരളത്തിന് നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകരുത്. സ്മാർട്ട് സിറ്റി പദ്ധതി നടപ്പാക്കണം. രണ്ട് കോടി രൂപ ചെലവിൽ ഒരു ലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള ശ്രമം ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ പിടിവാശി കാരണം ഉപേക്ഷിക്കേണ്ടിവന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പു വരുത്തണം. സ്ത്രീ പീഡനങ്ങൾ എല്ലാ കാലത്തുമുണ്ടായിട്ടുണ്ട് എന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കി അത് അമർച്ച ചെയ്യാൻ നടപടി സ്വീകരിക്കണം. ഗുണ്ടാവിളയാട്ടം നടത്തി പാർട്ടിക്കാർ തന്നെ നിയമം കയ്യിലെടുക്കുകയാണ്. നിയമസഭ പാസ്സാക്കിയ ചുമട്ടുതൊഴിലാളി നിയമം നടപ്പിലാക്കുകയില്ലെന്ന് പറയുന്ന തൊഴിൽ വകുപ്പുമന്ത്രി സത്യപ്രതിജ്ഞാലംഘനമാണ് നടത്തിയിരിക്കുന്നത്. ഒരു സെൽ ഭരണത്തിന് കളമൊരുക്കുന്ന ഇടതുപക്ഷപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളേയും നയപ്രഖ്യാപനത്തേയും എതിർക്കുന്നു.

<u>ശ്രീ. രാജാജി മാത്യു തോമസ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ ജനജീവിതത്തെ അങ്ങേയറ്റം ദുരിതപൂർണ്ണമാക്കിയ ഐക്യ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ ദുർഭരണത്തിന് അറുതി വരുത്തിയ ജനങ്ങൾക്ക് വളരെയേറെ പ്രതീക്ഷകൾ ഉണർത്തുന്ന നയപ്രഖ്യാപനമാണ് ഗവർണ്ണർ നടത്തിയിട്ടുള്ളത്. ജനജീവിതത്തിന്റെ എല്ലാ മേഖലകളേയും സ്പർശിക്കുന്ന ഒന്നാണ് നയപ്രഖ്യാപന പ്രസംഗം. വിദ്യാഭ്യാസരംഗത്തെ വിവേചനരഹിതമായ കച്ചവടവൽക്കരണമാണ് ഐക്യജനാധിപത്യമുന്നണിയുടെ തകർച്ചയ്ക്കുള്ള പ്രധാനപ്പെട്ട കാരണം. കേരളത്തിലെ സുപ്രധാന ആസ്തിയായ മനുഷ്യ വിഭവശേഷി പൊതുവിദ്യാഭ്യാസ സംവിധാനം സംസ്ഥാനത്തിന് നൽകിയതാണ്. പൊതുവിദ്യാഭ്യാസ സംവിധാനത്തെ സംര

ക്ഷിക്കുക എന്ന പ്രതിബദ്ധതയോടുകൂടി ഇടതുപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റ് മുന്നോട്ടു പോകും. മറ്റൊരു പ്രധാനപ്പെട്ട മേഖലയാണ് പൊതുജനാരോഗ്യം. സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഉദാരീകരണ നയത്തിന്റെ ഭാഗമായി ആരോഗ്യരംഗം തകർച്ചയെ നേരിടുകയാണ്. കഴിഞ്ഞ ഗവണ്മെന്റ് ആതുരശുശ്രൂഷാകേന്ദ്രങ്ങളെ ജനവഞ്ചനയുടെ പ്രതീകങ്ങളാക്കി മാറ്റി. പൊതുജനാരോഗ്യ പരിപാലനരംഗത്ത് ക്രിയാത്മകമായ നടപടികൾ സ്വീകരിച്ച് ലോകത്തിനു മുന്നിൽ കേരളത്തിനെ ഉയർത്തിക്കൊണ്ടു വരാൻ നടപടി സ്വീകരിക്കണം. . കേരളത്തിലെ കാർഷിക രംഗം ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റ് നശിപ്പിച്ചിരിക്കുകയാണ്. കാർഷികരംഗത്തിന്റെ പുനരുജ്ജീവനത്തിനും പുരോഗതിക്കും കാർഷിക സർവ്വകലാശാലകൾക്ക് നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിയും. കഴിഞ്ഞ അഞ്ച് വർഷത്തെ ഭരണം കാർഷിക സർവ്വകലാശാലയെ സമ്പൂർണ്ണമായ നാശത്തിലേയ്ക്ക് തളളിവിട്ടു. രാജ്യത്തെ കാർഷിക സർവ്വകലാശാലകളിലും പ്രൊഫഷണൽ സർവ്വകലാശാലകളിലും വച്ച് മികച്ച ഒന്നാണ് കേരള കാർഷിക സർവ്വകലാശാല. ആ സർവ്വകലാശാലയെ അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റുകയാണ് ഐക്യജനാധിപത്യ മുന്നണി ചെയ്തത്. അത് വീണ്ടെടുക്കാനുള്ള ശ്രമകരമായ ദൗത്യം ധീരതയോടുകൂടി ഇടതുപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റ് ഏറ്റെടുക്കണം. കാർഷിക സർവ്വകലാശാലാ അദ്ധ്യാപകരുടെ യു.ജി.സി. സ്കെയിൽ, ജീവനക്കാരുടെ പേ റിവിഷൻ, തൊഴിലാളികളുടെ സേവന–വേതന വ്യവസ്ഥകൾ എന്നിവ പരിരക്ഷിക്കുന്നതിനും അവയ്ക്ക് പരിഹാരം കാണാനുമുള്ള നടപടികൾ സ്വീകരിക്കണം. മറ്റൊരു പ്രധാനപ്പെട്ട വിഭാഗമാണ് ആദിവാസി മേഖല. ആദിവാസികളെ കബളിപ്പിച്ച് ചരിത്രത്തിലില്ലാത്ത വിധത്തിൽ ഭീകരമായിട്ടുള്ള ദ്രോഹത്തിന് വിധേയരാക്കാൻ ഐക്യജനാധി

പത്യ മുന്നണി ഗവണ്മെന്റ് നേതൃത്വം നൽകി. ആദിവാസികൾക്ക് സാമൂഹ്യ നീതി ഉറപ്പാക്കാൻ എൽ.ഡി.എഫ്. ഗവണ്മെന്റിന് കഴിയണം. കഴിഞ്ഞ 59 വർഷക്കാലം കേരളത്തിന്റെ വികസനത്തിന്റെ പേരിൽ നടന്നിട്ടുള്ള സംഭവ ങ്ങൾ ഓരോന്നായി വിശദമായി വിശകലനം ചെയ്തുകൊണ്ടുള്ള ഒരു വിക സനനയമാണ് അവലംബിക്കേണ്ടത്. കേരളത്തിന്റെ ചരിത്രത്തിൽ ജുഗുപ്സാ വഹമായിട്ടുള്ള ഒരു കാലമായിരുന്നു കഴിഞ്ഞ 5 വർഷക്കാലം. സ്ത്രീകൾക്കെ തിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കാൻ നിശ്ചയദാർഢ്യത്തോടുകൂടി മുന്നോട്ടുപോകണം. സ്ത്രീകൾക്കെതിരായിട്ടുള്ള പീഡനങ്ങൾ അവസാനിപ്പി ക്കുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിലും മുനിസിപ്പാലിറ്റികളിലും കോർപ്പ റേഷനുകളിലും സ്ത്രീകളുടെ ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ 1997-ലെ ഇടതുപക്ഷ ജനാധിപത്യ ഗവണ്മെന്റ് നിർദ്ദേശം കൊടുത്തിരുന്നു. അത് നടപ്പാക്കിയാൽ സ്ത്രീകളുടെ അവകാശ സംരക്ഷണത്തിൽ നിർണ്ണായക പങ്കുവഹിക്കാൻ കഴിയും.

<u>ശ്രീ. വി. ശിവൻകുട്ടി:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. എല്ലാ ജാതി-മത ശക്തികളേയും കൂട്ടുപിടിച്ചുകൊണ്ട് കേരളത്തിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുണ്ടാക്കി കേരളം ഭരിക്കാമെന്നുള്ള മോഹം യു.ഡി.എഫ്-ന് നഷ്ടപ്പെട്ടിരിക്കുകയാണ്. ജനാധിപത്യ സംവിധാനത്തിൽ ഭരണപക്ഷത്തിനെ അംഗീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. കേരള ത്തിന്റെ സമഗ്രവികസനവും സാമൂഹ്യ നീതിയും ഉറപ്പാക്കി നവകേരളം കെട്ടി പ്പടുക്കാൻ കഴിയുന്ന നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയിട്ടുള്ളത്. കേരള ത്തിന്റെ കാർഷികമേഖലയെ നശിപ്പിച്ചു. കഴിഞ്ഞ 5 വർഷക്കാലംകൊണ്ട് 1300-ഓളം കർഷകർ ആത്മഹത്യ ചെയ്തു. അവർക്ക് കൊടുക്കാനുള്ള നഷ്ട പരിഹാരത്തുക ചുരുക്കം ചിലർക്ക് മാത്രമാണ് കൊടുത്തത്. 2002-ൽ കർഷ

കർക്കു വേണ്ടി പ്രഖ്യാപിച്ച 210 കോടി രൂപയുടെ പാക്കേജിനായി ഒരു രൂപ പോലും ചെലവഴിക്കാൻ തയ്യാറായില്ല. ഈ ഗവണ്മെന്റ് കൈക്കൊണ്ട ഒറ്റത്ത വണ തീർപ്പാക്കൽ പദ്ധതിയും ആത്മഹത്യ ചെയ്ത കർഷകരുടെ വായ്പ എഴുതിത്തള്ളാനുള്ള തീരുമാനവും കേരളത്തിലെ കർഷകർക്ക് ആശ്വാസ മരുളുന്ന കാര്യമാണ്. 50,000 പേർക്ക് പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണസംഘങ്ങൾ വഴി കിസാൻ ക്രെഡിറ്റ് കാർഡുകൾ വിതരണം ചെയ്യാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. കഴിഞ്ഞ ഗവണ്മെന്റ് നിയമിച്ച ചൗധരി കമ്മിഷന്റെ നിർദ്ദേശപ്രകാരം 25 പൊതുമേഖലാ സ്ഥാപനങ്ങൾ അട ച്ചുപൂട്ടി. 50,000 കോടി രൂപയുടെ നിക്ഷേപം വരുമെന്ന് പറഞ്ഞ് നടപ്പാക്കിയ ജിം പദ്ധതി മുഖേന 285.95 കോടി രൂപയുടെ നിക്ഷേപം മാത്രമാണ് തുട ങ്ങാൻ സാധിച്ചത്.. കേരളത്തെ വ്യാവസായിക സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനും അന്തർദ്ദേശീയ നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ വ്യവസായികൾക്ക് രൂപപ്പെടുത്തിക്കൊടുക്കുന്നതിനും ഈ ഗവൺമെന്റ് നടപടി സ്വീകരിക്കും. യു.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വരു മ്പോൾ 23,918 കോടി രൂപയുടെ കടമാണുണ്ടായിരുന്നത്. ഇപ്പോൾ സംസ്ഥാ നത്തിന്റെ വായ്പാ പരിധി 2500 കോടി രൂപയാണ്. വായ്പയെടുക്കാൻ പോലും കഴിയാത്ത ഒരു സംസ്ഥാനമായി കേരളത്തെ യു.ഡി.എഫ്. ഗവ ണ്മെന്റ് മാറ്റിയിരിക്കുകയാണ്. കേരളത്തിൽ 300 ഡോക്ടർമാരുടെ ഒഴിവുണ്ടായിരുന്നുവെങ്കിലും സ്വകാര്യ ആശുപത്രികളെ സഹായിക്കുന്ന തിനുവേണ്ടി കഴിഞ്ഞ 5 വർഷക്കാലം ഈ ഒഴിവുകൾ നികത്താൻ യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറായിട്ടില്ല. ആരോഗ്യ വകുപ്പിൽ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് പ്രാധാന്യം കൊടുക്കുമെന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ

കോളേജിനെ എ.ഐ.ഐ.എം.എസ്.–ന്റെ തുല്യ പദവിയോടുകൂടി സെന്റർ ഓഫ് എക്സലൻസായി ഉയർത്തുമെന്നും മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കുമെന്നും പറഞ്ഞിരിക്കുന്നത് സ്വാഗതാർഹമാണ്. മദ്യമാഫിയ, സെക്സ് റാക്കറ്റ്, വനം മാഫിയ, കൊള്ള പലിശക്കാർ എന്നിവർക്ക് യു.ഡി.എഫ്. സംരക്ഷണം കൊടുത്തിരിക്കുകയാണെന്ന് ഗവർണ്ണർ തന്നെ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സമുന്നതരായ നേതാക്കളെ തെരഞ്ഞുപിടിച്ച് അവരുടെമേൽ കള്ളക്കേസ് എടുത്തിരുന്ന നയമായിരുന്നു യു.ഡി.എഫിന്റേത്. ഈ നയപ്രഖ്യാപനത്തിൽ പോലീസ് സ്റ്റേഷനുകളിൽ പോലീസ് സേനയുടെ മൂന്നാംമുറ അവസാനിപ്പിക്കുമെന്ന ഉറപ്പുനൽകിയിരിക്കുന്നു. പോലീസ് കമ്മിഷൻ രൂപീകരിക്കുമെന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുമെന്നും പറഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദൂര ഭാവിയിൽ വളരെയധികം നേട്ടങ്ങളുണ്ടാക്കുകയും പാവപ്പെട്ടവർക്ക് പഠിക്കുവാൻ കഴിയുന്ന രൂപത്തിലുള്ള നിയമമുണ്ടാക്കുകയും ചെയ്യുമെന്ന് പറഞ്ഞിരിക്കുന്നു. തമ്പാനൂരിൽ ആധുനിക രീതിയിലുള്ള കെ.എസ്. ആർ.ടി.സി. ബസ് സ്റ്റാന്റ് തുടങ്ങുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്.

<u>ശ്രീ. വി.എൻ. വാസവൻ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് ഏതു ദിശയിലേയ്ക്ക് നീങ്ങുന്നു എന്നതിന്റെ പ്രകടമായ സൂചനയാണ് പ്രധാനമായും ഈ നയപ്രഖ്യാപനത്തിലുള്ളത്. നാടിനെ പുരോഗതിയിലേയ്ക്ക് നയിക്കാൻ കഴിയുന്ന, കാർഷിക വ്യാവസായിക മേഖലയിൽ പുരോഗതി ഉറപ്പാക്കാൻ കഴിയുന്ന ഭാവനാസമ്പന്നമായ ഉള്ളടക്കമാണ് ഇതിലുള്ളത്. കഴിഞ്ഞ 5 വർഷക്കാലത്തെ കേരള ജനതയുടെ നഷ്ടബോധത്തിൽ പുത്തൻ പ്രതീക്ഷകൾ ഉയർത്തി

പ്രത്യാശയുടെ കിരണങ്ങൾ ഉയർത്തിക്കൊണ്ടുള്ള ഒരു നയപ്രഖ്യാപന പ്രസംഗമാണിത്. കേരളത്തിൽ തുടർച്ചയായി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ മുന്നോട്ടുള്ള പോക്കിനുള്ള ശിലാസ്ഥാപന മായിരുന്നു ഗവർണ്ണർ നടത്തിയത്. ഉല്പാദനോപാധികൾ സാമൂഹ്യവൽ ക്കരിക്കപ്പെടുകയും ആസൂത്രണം ജനകീയ താൽപര്യത്തിൽ അധിഷ്ഠിത മാക്കപ്പെടുകയും ചെയ്യുന്ന സമൂഹമാണ് നാടിനെ അടിസ്ഥാനപരമായ പുരോഗതിയിലേയ്ക്ക് നയിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ പൂർണ്ണമായി സംരക്ഷിക്കുവാൻ നിരവധി ക്രി.യാത്മകമായ നിർദ്ദേശങ്ങൾ ഇതിലുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് വളരെ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളായ മലബാർ സിമന്റ്സും കോട്ടയം ജില്ലയിലെ ട്രാവൻകൂർ സിമന്റ്സും യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുകയുണ്ടായി. ആ സാഹചര്യത്തിൽ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റും തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് പുതിയ ബന്ധം സ്ഥാപിച്ച് പൊതുമേഖലയെ സംരക്ഷിക്കാൻ കഴിയുന്ന നിർദ്ദേശവും നയപ്രഖ്യാപനത്തിൽ ഉണ്ട്. ഈ ഗവൺമെന്റ് പറയുകമാത്രമല്ല പ്രവർത്തിക്കുകയും ചെയ്യുമെന്നതിന്റെ ഉദാഹരണമാണ് കാർഷിക കടാശ്വാസങ്ങൾ പ്രഖ്യാപിക്കുകയും നബാർഡിന്റെ പലിശനിരക്ക് നാല് ശതമാനമായി കുറയ്ക്കുന്നതിനുള്ള ശക്തമായ നീക്കം നടത്തുകയും ചെയ്തത്. കാർഷികോൽപ്പന്നങ്ങൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് പ്രഖ്യാപിക്കുകയും അടിയന്തിരമായി അവ വിതരണം ചെയ്യുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തത് കൃഷിക്കാർക്ക് ആശ്വാസകരമാണ്. കേരളത്തിന്റെ വിവിധ പ്രശ്നങ്ങളിൽ നിഷേധാത്മക മനോഭാവമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുപോരുന്നത്. കഴിഞ്ഞ

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് 350 കോടി രൂപയുടെ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി കേന്ദ്രഗവൺമെന്റിന് കൊടുത്തിട്ട് 5 കോടി രൂപയാണ് കിട്ടിയതെന്നു പറയുന്നു. കേരളത്തിലെ പ്രശ്നങ്ങൾ സമയാസമയങ്ങളിൽ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ച് സംസ്ഥാനത്തിനു കിട്ടേണ്ട അർഹമായ ആനുകൂല്യങ്ങൾ ചോദിച്ചു വാങ്ങുന്ന കാര്യത്തിലുണ്ടായ യു.ഡി.എഫ്. ഗവൺമെന്റിന്റെ പിടിപ്പികേടാണ് ഇത് കാണിക്കുന്നത്. അതുകൊണ്ട് അർഹിക്കുന്ന വിഹിതം കേരളത്തിന് ലഭ്യമാകാതെ പോയിരിക്കുകയാണ്. കേരളത്തിൽ ക്ഷേമ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നു. പാവപ്പെട്ടവർക്കും അവശതയനുഭവിക്കുന്നവർക്കും ഉന്നത വിദ്യാഭ്യാസം ഉറപ്പാക്കാൻ കഴിയുന്ന ക്രിയാത്മകമായ നിർദ്ദേശങ്ങളും ഇതിലുണ്ട്. പെൺവാണിഭങ്ങൾ സമയാസമയങ്ങളിൽ കണ്ടുപിടിക്കാനും കയ്യാമം വയ്ക്കാനും കുറ്റക്കാരെ കൽത്തുറുങ്കിലടയ്ക്കാനും ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയിരിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലഘട്ടത്തിലാണ് കേരളത്തിൽ വികസന പ്രവർത്തനങ്ങളെല്ലാം നടന്നിട്ടുള്ളത്. കയറിക്കിടക്കാൻ ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കാനുള്ള ബിൽ വന്നതും പാട്ടവ്യവസ്ഥ അവസാനിപ്പിച്ച് കൃഷിഭൂമി കർഷകർക്ക് എന്ന നയം സ്വീകരിച്ചതും സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതും കേരളത്തിൽ ക്ഷേമപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതും ജില്ലാകൗൺസിൽ കൊണ്ടുവന്ന് അധികാരം വികേന്ദ്രീകരിച്ചതും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. ഗ്രാമീണമേഖലയിലും വികസന മേഖലയിലും വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞ ജനകീയാസൂത്രണ സംരംഭം കേരളത്തിൽ കൊണ്ടുവന്നത് ഇടതുപക്ഷ

ജനാധിപത്യമുന്നണിയാണ്. പുതിയ ആക്ടനുസരിച്ച് പല സംസ്ഥാനങ്ങളും ഇലക്ട്രിസിറ്റി ബോർഡിനെ സ്വകാര്യവൽക്കരിക്കുമ്പോൾ ഈ ഗവൺമെന്റ് കെ.എസ്.ഇ.ബി.യെ പൊതുമേഖലയിൽത്തന്നെ നിലനിർത്തുമെന്ന് പ്രഖ്യാപി ച്ചിരിക്കുകയാണ്. ബി.പി.എൽ. പരിധിയിൽ വരുന്ന മുഴുവൻ ആളുകൾക്കും സൗജന്യ വൈദ്യുതി കണക്ഷൻ നൽകുമെന്നും പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി ക്ഷേമപ്രവർത്തനങ്ങളും പ്രത്യേക ബോർഡും രൂപീകരിക്കുമെന്നും അവശത അനുഭവിക്കുന്ന പാവപ്പെട്ടവരെ സഹായിക്കാൻ കഴിയുമെന്നുമുള്ള നിരവധി നിർദ്ദേശങ്ങളും നയപ്രഖ്യാപനത്തിലുണ്ട്. ദേശീയ യുവജന കമ്മിഷന്റെ ശുപാർശയനുസരിച്ച് സംസ്ഥാന യുവജന കമ്മിഷൻ രൂപീകരിക്കും. അധികാര വികേന്ദ്രീകരണത്തിന് പ്രാധാന്യം കൊടുക്കുന്ന സമീപനമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുന്നത്. ഈ ഗവൺമെന്റിന്റെ പറച്ചിലും പ്രവർത്തിയും തമ്മിൽ ബന്ധമുണ്ടെന്നുള്ളതിന്റെ തെളിവാണ് ഗ്രാമ വികസനവകുപ്പും പഞ്ചായത്ത് വകുപ്പും തമ്മിൽ യോജിച്ച് അധികാരം താഴേത്തട്ടിലേയ്ക്ക് കൊടുത്തിരിക്കുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പലതും പഴയതിന്റെ ആവർത്തനമാണ്. സൈബർ പോലീസ്, പാർവ്വതീപുത്തനാറിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നിവയൊക്കെ പഴയ കാര്യങ്ങളാണ്. എന്നാൽ മന്ത്രിമാർ നടത്തിയ 5000 കോടി രൂപയ്ക്കുള്ള പ്രഖ്യാപന ങ്ങളൊന്നുംതന്നെ ഈ നയപ്രഖ്യാപനത്തിൽ കാണുന്നില്ല. എൽ.ഡി.എഫ്–ന്

പാർട്ടിക്കുള്ളിൽ ഒരു യോജിപ്പുമില്ല. തൊഴിൽ രംഗത്ത് വളരെയധികം സാധ്യത ഉണ്ടായിരുന്ന സ്മാർട്ട്സിറ്റി 'എവിടെയെങ്കിലും പോകട്ടെ' എന്ന മുഖ്യമന്ത്രിയുടെ പരാമർശംമൂലം ആ പദ്ധതി ഇപ്പോൾ വെസ്റ്റ് ബംഗാളിലേയ്ക്ക് പോകാൻ ഇടയായി. 1967-ൽ അധികാരത്തിലേറിയ ഇ.എം.എസ്സിന്റെ 'ഭരണവും സമരവും' എന്ന നയം കൊണ്ട് അദ്ദേഹത്തിന് 1970-നുമുമ്പ് അധികാരമൊഴിയേണ്ടിവന്നു. സംസ്ഥാന കമ്മിറ്റിയും പോളിറ്റ് ബ്യൂറോയും തമ്മിലുള്ള ഏറ്റുമുട്ടലിന്റെ ഫലമാണ് 'ഭരണവും സമരവും' എന്ന മുദ്രാവാക്യം. കേരളം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരവധി ബന്ദുകൾ, ഹർത്താലുകൾ, ലോക്കൗട്ടുകൾ എന്നിവ നടത്തിയവർ ഇപ്പോൾ പോലീസിനെ ഉപയോഗിച്ച് വിദ്യാർത്ഥികളെ തല്ലിച്ചതയ്ക്കുകയും നിരപരാധികളെ മർദ്ദിക്കുകയുമാണ്.

<u>മി. സ്പീക്കർ</u>: 22-6-2006-ന് സഭ മുമ്പാകെ ചർച്ചയ്ക്കുവരുന്ന "The Kerala Professional Colleges (Prohibition of Capitation fee, Regulation of Admission, Fixation of Non-Exploitative fee and other measures to Ensure Equity and Excellence in Professional Education) Bill, 2006" സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തിന്മേലുള്ള ഭേദഗതികൾക്കുള്ള നോട്ടീസ് അംഗങ്ങൾക്ക് 21-6-2006 വൈകുന്നേരം 5 മണിവരെ നൽകാവുന്നതാണ്.

സഭ വൈകുന്നേരം 4..35-ന് പിരിഞ്ഞു.